മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 01 THE ONLINE OFFICIAL NEWS BULLETIN 2023 January 07

ദനഹകാലം | SEASON OF EPIPHANY | ܥܕܢܐ ܕܕܢܚܐ

2023 ജനുവരി കോനൂൻ ഹ്രോയ്

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8 1st Sunday after Epiphany Comme. of St. Stephen, the first Martyr  ♪8	9 ♪7	10 ♪3	11 ♪7	12 ♪3	13 ♪7	14 ♪3



ഏകാന്ത ദയറാ ജീവിതം നയിക്കുന്ന സീറോ മലബാർ സഭയിലെ മാർ ജേക്കബ് മുരിക്കനെ സന്ദർശിക്കാൻ പാഞ്ചാലിമേടിനു സമീപം നല്ലതണ്ണി ആശ്രമത്തിലെത്തിയ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കാലം ചെയ്ത ബെനഡിക് പതിനാറാമൻ മാർ പാപ്പായുടെ ചിത്രത്തിന് മുന്നിൽ പ്രാർത്ഥിക്കുന്നു. ഫാ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ എന്നിവർ സമീപം.



ദേവലോകത്ത് പ. കാതോലിക്കാ ബാവാമാരുടെ ഓർമ്മപെരുന്നാളിന് പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് നടന്ന ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ ശുശ്രൂഷയ്ക്ക് പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് അനുമോദന സമ്മേളനവും നടന്നു.



മാർ തെയോഫിലോസ് ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്താ

ദേവലോകം: മലങ്കര ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ഡോ. ഗീവർഗീസ് മാർ തെയോഫിലോസിനെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. അഹമ്മദാബാദ് ഭദ്രാസന ചുമതലയ്ക്ക് പുറമെയാണ് ഈ നിയമനം.



പോപ്പ് ബനഡിക്ട് പതിനാറാമന്റെ കബറടക്കത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി ഡോ. എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ സംബന്ധിച്ചു.

കോടതിയലക്ഷ്യ ഹർജി തള്ളി

കൊച്ചി: ഓണക്കൂർ സെഹിയോൻ ഓർത്തഡോക്സ് പള്ളി സംബന്ധിച്ച് വിഘടിത വിഭാഗം നൽകിയ കോടതിയലക്ഷ്യ ഹർജി കോടതി തള്ളി.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ലേഖനം

വിശ്വാസത്തിന്റെ കാവൽഭടൻ

ഡോ. പോൾ മണലിൽ

മൊസാർട്ടിന്റെ സംഗീതത്തെ ഇഷ്ടപ്പെട്ടിരുന്ന മാർപാപ്പയായിരുന്നു ബെനഡിക്ട് പതിനാറാമൻ. ജർമൻകാരനായതുകൊണ്ടായിരുന്നില്ല ജോസഫ് അലോഷ്യസ് റാറ്റ്സിംഗർ എന്ന ബെനഡിക്ട് പതിനാറാമൻ മൊസാർട്ടിനെ സ്നേഹിച്ചത്. ജീവിതത്തിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും സത്യത്തിന്റെയും കിരണങ്ങൾ നിറക്കാൻ ആഹ്വാനംചെയ്ത ആ ജീവിതം (1927-2022) സംഗീതം പോലെ സാന്ദ്രമായിരുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായി എട്ടു വർഷത്തോളമേ പ്രവർത്തിച്ചുള്ളൂവെങ്കിലും അക്കാലയളവിൽ സഭയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് അദ്ദേഹം ചുക്കാൻ പിടിച്ചു. 1415-ൽ ഗ്രിഗറി പന്ത്രണ്ടാമൻ മാർപാപ്പ സ്ഥാനത്യാഗം ചെയ്ത് 600 വർഷങ്ങൾക്കുശേഷം 2013-ൽ ബെനഡിക്ട് പതിനാറാമനാണ് ആദ്യമായി സ്ഥാനത്യാഗം നടത്തിയത്. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വിയോഗത്തെ തുടർന്നാണ്? 2005-ൽ അദ്ദേഹം സ്ഥാനമേറ്റത്. സ്ഥാനമേറ്റ വർഷംതന്നെ 'സ്നേഹ'ത്തിന്റെ ചാക്രികലേഖനം പുറത്തിറക്കി. തുടർന്ന് 'പ്രത്യാശ' (2007), 'സത്യത്തിൽ സ്നേഹം' (2009) എന്നീ ചാക്രികലേഖനങ്ങളും.

ബെനഡിക്ട് പതിനാറാമന്റെ പിൻഗാമി ഫ്രാൻസിസ് മാർപാപ്പ 'വിശ്വാസത്തിൻ വെളിച്ചം' എന്ന ചാക്രികലേഖനം പുറത്തിറക്കിയപ്പോൾ അതിന്റെ തുടക്കം ബെനഡിക്ട് പതിനാറാമൻ ആയിരുന്നതുപോലെ ഇദ്ദേഹത്തിന്റെ മൂന്ന് ചാക്രിക ലേഖനങ്ങളുടെയും തുടക്കം മുൻഗാമി ജോൺപോൾ രണ്ടാമനായിരുന്നു. ഇപ്രകാരം പരിശുദ്ധ സഭയിൽ തുടർച്ചയും തുടക്കവുമായിരുന്ന ബെനഡിക്ട് പതിനാറാമൻ കത്തോലിക്കാസഭയിൽ വിശ്വകീർത്തി നേടിയ വേദശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയും ഭാഷാപണ്ഡിതനുമായിരുന്നു. ദൈവം സഭയിലൂടെ നമ്മോട് സംസാരിക്കുന്നു എന്ന വേദശാസ്ത്രം ഊന്നിപ്പറഞ്ഞ അദ്ദേഹം ബൈബിളിന്റെ പൂരണമാണ് സഭ എന്ന ചിന്ത അവതരിപ്പിച്ചു. സമകാല സഭയുടെ സാമൂഹികശാസ്ത്രം തിരിച്ചറിഞ്ഞ അദ്ദേഹം വിമോചന ദൈവശാസ്ത്രം പോലെയുള്ള പ്രവണതകളെ തള്ളിക്കളയുകയും കത്തോലിക്കാസഭയുടെ വിശ്വാസത്തിന്റെ കാവൽഭടനായി പ്രഖ്യാപിക്കുകയും ചെയ്തു. വിശ്വാസവിപരീതമായ ആധുനിക സഭാപ്രവണതകളെ നിരാകരിച്ചു.

റോമൻ കത്തോലിക്കാസഭയെ നയിച്ച 265-ാമത്തെ മാർപാപ്പയായ ബെനഡിക്ട് പതിനാറാമൻ, 85-ാം വയസ്സിൽ സ്ഥാനത്യാഗംചെയ്ത് ലോകത്തെ അമ്പരിപ്പിച്ചു. ശരീരത്തോടൊപ്പം മനസ്സും ക്ഷയിച്ചപ്പോൾ തുടരാനുള്ള കരുത്തില്ലെന്ന്





കത്തോലിക്കാസഭയുടെ തലവനെന്ന നിലയിൽ വിശ്വാസഭ്രംശത്തെയും വിശ്വാസ ശൈഥില്യത്തെയും നിഷ്പ്രഭമാക്കാൻ കഴിഞ്ഞതാണ് ബെനഡിക്ട് മാർപാപ്പ നൽകിയ മഹത്തായ സംഭാവന.

ചൂണ്ടിക്കാട്ടിയായിരുന്നു വത്തിക്കാൻ രാഷ്ട്രം സംസ്ഥാപിതമായതിന്റെ 84-ാം വാർഷികദിനമായ 2013 ഫെബ്രുവരി 11-ന് സ്വന്തം കൈപ്പടയിൽ എഴുതിയ ലത്തീൻ ഭാഷയിലുള്ള സ്ഥാനത്യാഗ പ്രഖ്യാപനം ബെനഡിക്ട് മാർപാപ്പ വായിച്ചത്. തുടർന്ന് ഫെബ്രുവരി 28-ന് അദ്ദേഹം സ്ഥാനമൊഴിഞ്ഞു.

ജർമനിയിലെ ബവേറിയായിൽ ജനിച്ച ജോസഫ് റാറ്റ്സിംഗർ അഞ്ചാം വയസ്സിൽ ജർമനിയിലെ ഫ്രെയ്സിങ് ഇടവകയിൽ കർദിനാൾ മൈക്കിൾ ഫ്ലെയ്ബറെ കണ്ടുമുട്ടി. ദേവാലയത്തിലെ ആരാധനക്കുശേഷം വീട്ടിലെത്തിയ ജോസഫ് റാറ്റ്സിംഗർ തന്റെ ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. ഒരു കർദിനാൾ ആകണമെന്നായിരുന്നു ആ ബാലന്റെ മോഹം! ജർമൻ പൊലീസ് ഉദ്യോഗസ്ഥനായ പിതാവ് കണ്ണുരുട്ടിയെങ്കിലും മകൻ ഭയന്നില്ല. ദൈവികാരാധനയുടെ സൗരഭ്യത്തിൽ ആനന്ദം അനുഭവിച്ച ആ ബാലൻ പിന്നീട് തിരുസഭയുടെ അൾത്താരയിലേക്ക് പടവുകൾ ചവിട്ടിക്കയറി. 16-ാം വയസ്സിൽ വേദശാസ്ത്രം പഠിക്കാൻ സെമിനാരിയിൽ ചേർന്നെങ്കിലും നാസി ഭരണത്തിൽ നിർബന്ധിത പട്ടാളപരിശീലനത്തിനായി പഠനം മുടങ്ങി. 1945-ൽ സഖ്യകക്ഷികൾ ജർമനി ആക്രമിച്ചപ്പോൾ ജോസഫ് റാറ്റ്സിംഗർ പട്ടാളത്തിൽനിന്ന് ഒളിച്ചോടിയെങ്കിലും ജയിലിലായി.

ഹിറ്റ്ലറുടെ കിരാതഭരണത്തിൽ രണ്ടുമാസം ജയിലിൽ കിടന്നെങ്കിലും സഖ്യകക്ഷികൾ ഹിറ്റ്ലറെ കീഴടക്കിയതോടെ അദ്ദേഹം ജയിൽമോചിതനായി. തുടർന്നാണ് സെമിനാരി പഠനം പൂർത്തിയാക്കിയത്. വൈദികവൃത്തിയിലേക്ക് തന്നെ ആകർഷിച്ച മ്യൂണിക് ആർച്ച് ബിഷപ് കൂടിയായിരുന്ന കർദിനാൾ മൈക്കിൾ ഫ്ലെയ്ബറിൽനിന്ന് 1951-ൽ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. വിശുദ്ധ അഗസ്റ്റിന്റെ ദൈവശാസ്ത്ര ചിന്തകളെപ്പറ്റി 1953-ൽ എഴുതിയ പഠനത്തോടെയാണ് ജോസഫ് റാറ്റ്സിംഗർ സഭയിൽ ശ്രദ്ധേയനായത്. തുടർന്ന് അദ്ദേഹം ബൊനവഞ്ചറിന്റെ ദൈവശാസ്ത്ര സംഹിതകളിൽ ഡോക്ടറേറ്റ് നേടി. 1958-ൽ അദ്ദേഹം ഫ്രെയ്സിങ് യൂനിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടതോടെയാണ് വേദശാസ്ത്രപണ്ഡിതൻ എന്നനിലയിൽ അറിയപ്പെട്ടുതുടങ്ങിയത്.

തുടർന്ന് പ്രവർത്തനം മൂൺസ്റ്റർ യൂനിവേഴ്സിറ്റിയിലായി. കത്തോലിക്കാസഭയെ ആധുനിക ലോകവുമായി ബന്ധപ്പെടുത്തിയ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ അദ്ദേഹം പങ്കെടുത്തു. 1966-ൽ അദ്ദേഹം ട്യൂബെൻജൻ യൂനിവേഴ്സിറ്റിയിൽ സൈദ്ധാന്തിക ദൈവശാസ്ത്ര മേധാവിയായി സ്ഥാനമേറ്റ ശേഷം എഴുതിയ 'ക്രൈസ്തവവിശ്വാസത്തിന് ഒരാമുഖം' എന്ന ഗ്രന്ഥം വലിയ

വിവാദമുണ്ടാക്കി. വിശ്വാസത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും മേഖലകളിലുള്ള വൈവിധ്യമാർന്ന അഭിപ്രായങ്ങൾ വത്തിക്കാൻ മാനിക്കണമെന്ന് ഇതിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. മാർക്സിസ്റ്റ് സ്വാധീനത്തിൽ സഭയിൽ ഉയർന്നുവന്ന വേദശാസ്ത്ര ചിന്താധാരകളെയും അദ്ദേഹം എതിർത്തു.

ലോകത്തിലെ ഇരുപതോളം ഭാഷകളിൽ ഇന്ന് പ്രസിദ്ധീകരിച്ചുവരുന്ന 'കൊമ്മൂണിയോ' എന്ന ദൈവശാസ്ത്ര പ്രസിദ്ധീകരണം 1972–ൽ ആരംഭിച്ചത് ജോസഫ് റാറ്റ്സിംഗറാണ്. വേദശാസ്ത്ര ചിന്തകൻ എന്ന നിലയിൽ മൗലിക സംഭാവനകൾ നൽകിയ ഇദ്ദേഹത്തെ 1977–ൽ പോൾ ആറാമൻ മാർപാപ്പ മെത്രാനായി നിയമിച്ചു. അതേവർഷം തന്നെ അദ്ദേഹത്തെ കർദിനാളായും ഉയർത്തി. അങ്ങനെ ആർച്ച് ബിഷപ് ആകുന്നതിനുമുമ്പ് അദ്ദേഹം കർദിനാളായി. കർദിനാൾ റാറ്റ്സിംഗറെ 1982–ൽ ജോൺപോൾ രണ്ടാമൻ വത്തിക്കാനിലെ വിശ്വാസസംഘത്തിന്റെ പ്രീഫെക്ട് ആയി നിയമിച്ചതോടെ ആ ചിന്താധാരകൾക്ക് അംഗീകാരം ലഭിച്ചത്. കൃത്രിമ ജനനനിയന്ത്രണം, സ്വവർഗരതി, വിമോചന ദൈവശാസ്ത്രം, മതാന്തരസംവാദം എന്നീ മേഖലകളിൽ കത്തോലിക്കാസഭയുടെ നിലപാടുകൾ ഉറപ്പിക്കാൻ കർദിനാൾ ജോസഫ് റാറ്റ്സിംഗർക്ക് കഴിഞ്ഞു.

കർദിനാൾ പദവിയിൽ ഇരിക്കുമ്പോൾ 70 വയസ്സ് തികഞ്ഞതിനാൽ വിരമിക്കാൻ അനുവദിക്കണമെന്ന് മാർപാപ്പയോട് അഭ്യർഥിച്ചെങ്കിലും ജോൺ പോൾ രണ്ടാമൻ ആ അപേക്ഷ സ്വീകരിച്ചില്ല. ജോൺപോൾ രണ്ടാമന്റെ കാലശേഷം കർദിനാൾ ജോസഫ് റാറ്റ്സിംഗറെ ബെനഡിക്റ്റ് എന്ന പേരിൽ മാർപാപ്പായായി തെരഞ്ഞെടുക്കുകയായിരുന്നു. കത്തോലിക്കാസഭയുടെ തലവനെന്ന നിലയിൽ വിശ്വാസഭ്രംശത്തെയും വിശ്വാസ ശൈഥില്യത്തെയും നിഷ്പ്രഭമാക്കാൻ കഴിഞ്ഞതാണ് ബെനഡിക്ട് മാർപാപ്പ നൽകിയ മഹത്തായ സംഭാവന. ബെനഡിക്ട് എന്ന ലത്തീൻ പദത്തിന്റെ അർഥം അനുഗ്രഹിക്കപ്പെട്ടവൻ എന്നാണ്. നന്നായി സംസാരിക്കുന്നവനും ചിന്തിക്കുന്നവനും പ്രവർത്തിക്കുന്നവനും നല്ലകാര്യം ചെയ്യുന്നവനുമാണ് അനുഗ്രഹിക്കപ്പെട്ടവൻ. കാലംചെയ്ത ബെനഡിക്ട് പതിനാറാമൻ ഇപ്രകാരം അനുഗ്രഹിക്കപ്പെട്ടവനായിരുന്നു; ദൈവത്തിന്റെ അനുഗ്രഹമായിരുന്നു.

❑



പരുമല സെമിനാരിയിൽ നടന്ന വിശുദ്ധ ദനഹാ പെരുന്നാൾ ശുശ്രൂഷയ്ക്ക് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമികത്വം വഹിച്ചു.



റോമിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷനിൽ ദനഹാ ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ സ്തേഫാനോസ് കാർമ്മികത്വം വഹിച്ചു.



പഴഞ്ഞി മാർ ഡയനീഷ്യസ് കോളജിലെ ലൈബ്രറിയുടെ കൂദാശയും തൂവൽസ്പർശം പദ്ധതിയുടെ ഉദ്ഘാടനവും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായും പഴഞ്ഞി എം.ഡി. കോളേജ് മാനേജരുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു.

ശബ്ദ ക്രമീകരണത്തിന് സർട്ടിഫിക്കറ്റ് കോഴ്സ്

കോട്ടയം: ആരാധനാലയങ്ങളിൽ സംഗീതം ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി പുതിയ പഠന കോഴ്സ് തുടങ്ങാനൊരുങ്ങി ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്.

2023 ജനുവരിയിൽ കോഴ്സ് ആരംഭിക്കും. ഫാ. മാത്യു കോശിയും ഫാ. ഷിനോ കെ തോമസുമാണ് ക്ലാസുകൾ നയിക്കുക. സംഗീത സംവിധായകൻ ജെറി അമൽദേവും, ബോളിവുഡിൽ അൻപതിൽ പരം വർഷം ശബ്ദമിശ്രണ രംഗത്ത് പ്രവർത്തിക്കുന്ന ദമൻ സൂദ്, ശബ്ദമിശ്രണ രംഗത്ത് നിരവധി ദേശീയ–സംസ്ഥാന അവാർഡുകൾ നേടിയിട്ടുള്ള പ്രമോദ് തോമസ്, എഴുനൂറിൽപരം സിനിമകൾ മാസ്റ്റർ ചെയ്ത ഡോൾബി മുൻ എഞ്ചിനീയർ ജോസ് ശങ്കൂരിക്കൽ, മികച്ച അധ്യാപകനുള്ള ദ്രോണാചാര്യ അവാർഡ് ജേതാവ് വിജയ് തോമസ് കുര്യൻ എന്നിവരും ഉപദേശകരായും അധ്യാപകരായും പരിശീലനത്തിന്റെ ഭാഗമാകും.

മൈക്ക് ഏതു രീതിയിൽ ഉപയോഗിക്കണമെന്നും ശബ്ദം ഏതുരീതിയിൽ പുറപ്പെടുവിക്കണമെന്നും അത് എങ്ങനെ ശ്രോതാക്കളിലേക്ക് എത്തിക്കണമെന്നും തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ പോലും പഠനത്തിൽ ഉൾപ്പെടുത്തുമെന്ന് ശ്രുതി അസി. ഡയറക്ടർ ഫാ. ഡോ. മാത്യു വർഗീസ് പറഞ്ഞു. ഇക്കാര്യങ്ങളെക്കുറിച്ചു വ്യക്തമായ അവബോധമില്ലാത്തതിനാലാണ് പലപ്പോഴും ആരാധനാലയങ്ങളിലെ സംഗീതം കേൾവിക്കാർക്ക് അരോചകമായിത്തീരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടുതൽ വിവരങ്ങൾ ശ്രുതിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. **വിളിക്കേണ്ട നമ്പർ – 9447409452** http://www.srutimusic.org/



The students of the Orthodox Theological Seminary (Batch of 2024) visited Navjeevan Centre (Murbad, Kalyan), St.Mary's OSC, Dombivli and Dr. Theophilus Ashraya Bhavan as part of field work training.

പുസ്തകം



വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം രണ്ട്

പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും ജീവനും വിശുദ്ധിയുമുള്ള പരിശുദ്ധാത്മാവിന്റെ ആവാസവും സംബന്ധവും നിങ്ങൾക്കെല്ലാവർക്കും ഉണ്ടായിരിക്കട്ടെ. അവർ നിൽക്കുന്നപ്രകാരം വെടിപ്പോടും കളങ്കമില്ലാതെയും നിൽക്കേണ്ടതിന് മൂന്ന് സ്ലീബായാൽ അവരെ മുദ്രകുത്തി വിശുദ്ധ ത്രിത്വത്തിന് അവൻ അവരെ ഭരമേൽപ്പിക്കുന്നു. പിതാവാം ദൈവത്തിന്റെ സ്നേഹം എന്ന് പറയുമ്പോൾ ശ്ലീഹാ പറയുന്നതുപോലെ ദൈവം നമുക്കുവേണ്ടി തന്റെ പുത്രനെ മരണത്തിന്നേൽപ്പിച്ച് തന്ന അവന്റെ സ്നേഹത്തെ കാണിക്കുന്നു (റോമ 8:32). ഏകജാതനായ പുത്രന്റെ കൃപ എന്ന് പറയുമ്പോൾ നാം അയോഗ്യരായിരിക്കെ തന്റെ കൃപയാൽ നമുക്കെല്ലാവർക്കും വേണ്ടി പുത്രൻ മരണത്തെ രുചിച്ചു എന്നാണ് മനസ്സിലാക്കുന്നത്. വീണ്ടും പറയുന്നു പരിശുദ്ധ റൂഹായുടെ ആവാസവും സംബന്ധവും. പരിശുദ്ധ റൂഹായുടെ ആവാസം ബലിയെ പൂർണ്ണമാക്കുകയും സ്വീകാര്യമാക്കുകയും ചെയ്യുന്നു എന്നാണ് അർത്ഥമാക്കുന്നത്. പിതാവാം ദൈവത്തിന്റെ സ്നേഹം എന്നതിനുശേഷം ജനത്തിന് ആമ്മീൻ എന്നു പറയുവാൻ പുരോഹിതൻ അവസരം കൊടുക്കുമാറ് നിർത്തരുത്. കാരണം ഇതൊരു പ്രാർത്ഥനയല്ല. എന്നാലോ തന്റെ സ്നേഹം മൂലം തന്റെ പുത്രനെ ദൈവം നമുക്കുവേണ്ടി തന്നു തുടങ്ങിയ (പ്രസ്താവനയാണ്).

നമ്മുടെ വിചാരങ്ങളും മനസ്സുകളും ഹൃദയങ്ങളും ഉയരങ്ങളിലായിരിക്കണം എന്ന് പുരോഹിതൻ പറയുന്നതിനേക്കുറിച്ച്. ഇപ്പോൾ മുതൽ വിശുദ്ധ രഹസ്യങ്ങൾ തുറന്നാണിരിക്കുന്നത് സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ സേനകളും നീതിമാന്മാരുടെ ആത്മാക്കളും വിശുദ്ധ രഹസ്യങ്ങളെ ആദരിക്കുന്നതിന് ഇറങ്ങുന്നു. അതുകൊണ്ട് നമ്മുടെ മനസ്സുകളും ചിന്തകളും ഉന്നതങ്ങളിലായിരിക്കണം അല്ലാതെ താഴെ ഭൗമികങ്ങളായവയിൽ ആയിരിക്കരുത്.

ജനത്തിന്റെ മറുപടിയേക്കുറിച്ച്. ജനത്തിൽ ചിലർ ഇങ്ങനെ മറുപടി പറയും "ഞങ്ങളുടേത് (മനസ്സ്) ഞങ്ങളുടെ ദൈവത്തിങ്കലേക്കാണ്." മറ്റ് ചിലർ ഇങ്ങനെ മറുപടി പറയും "അവ ദൈവമായ കർത്താവിങ്കലാകുന്നു." ഈ രണ്ട് മറുപടികളും ശരിയല്ല. അതിൽ ഒന്നാമത്തേത് ശരിയല്ല, കാരണം നമ്മുടെ (മനസ്സുകൾ) കർത്താവായ നമ്മുടെ ദൈവത്തിങ്കലേക്ക് ആയിരിക്കണം അല്ലെങ്കിൽ നമ്മുടേത് (മനസ്സുകൾ) ദൈവമായ കർത്താവിങ്കലേക്കായിരിക്കണം എന്നല്ല പട്ടക്കാരൻ അവരോട് പറഞ്ഞത്. ഇപ്രകാരം ആയിരുന്നു എങ്കിൽ അവർ അവനോട് ഞങ്ങളുടേത് കർത്താവിങ്കലേക്കാകുന്നു എന്ന് പറയുമായിരുന്നു. എന്നാൽ അവൻ ഞങ്ങളുടേത് ദൈവത്തിങ്കലേക്ക് ആകുന്നു അല്ലെങ്കിൽ ഞങ്ങളുടേതാകട്ടെ അവൻ പറഞ്ഞിരുന്നെങ്കിൽ അവർ ശരിയായ മറുപടി അദ്ദേഹത്തോട് പറയേണ്ടത് ഞങ്ങളുടേത് ദൈവമായ കർത്താവിലേക്കാകുന്നു എന്നാണ്. വീണ്ടും രണ്ടാമത്തേതും ശരിയല്ല കാരണം അവ കർത്താവിങ്കലേക്കായിരിക്കട്ടെ എന്ന് പുരോഹിതൻ അവരോട് പറഞ്ഞില്ല. എന്നാൽ അവ കർത്താവിലേക്കായിരിക്കട്ടെ (എന്നിപ്രകാരം) അദ്ദേഹം പറഞ്ഞിരുന്നു എങ്കിൽ



അവർ അവ ഞങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കാകുന്നു എന്ന് ശരിയായി മറുപടി പറയുമായിരുന്നു. ഈ രണ്ട് ഉത്തരങ്ങളും ശരിയല്ല. ഞങ്ങളെല്ലാവരുടെയും മനസ്സുകളും ചിന്തകളും ഹൃദയങ്ങളും ഉയരങ്ങളിൽ ആയിരിക്കണം എന്ന് പുരോഹിതൻ പറയുന്നു. അങ്ങ് പറഞ്ഞതുപോലെ അവ ഞങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കാകുന്നു എന്ന് അദ്ദേഹത്തോട് അവർ മറുപടി നൽകുന്നത് ഉചിതമായിരിക്കും. അവ നമ്മുടെ ദൈവമായ കർത്താവിങ്കലേക്കാകുന്നു എന്ന മറുപടി ശരിയാണ്. എന്ത് വ്യാഖ്യാനമാണ് ഞങ്ങളുടേത് ഞങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കാകുന്നു എന്ന ചിലരുടെ മറുപടിക്ക് ഞങ്ങൾ നൽകുന്നത്? അതായത് ഞങ്ങളുടേത് ഞങ്ങളുടെ ദൈവമായ പിതാവിലാകുന്നു, നിന്റെ കരുണ ഞങ്ങളുടെമേൽ ഉണ്ടാകണമേ. രണ്ട്, വീണ്ടും ഞങ്ങളുടേത് മനുഷ്യാവതാരം ചെയ്ത ഞങ്ങളുടെ രക്ഷകനായ പുത്രനിലേക്കാകുന്നു. മൂന്ന്, ഞങ്ങളുടേത് അവങ്കലേക്കാകുന്നു, പരിശുദ്ധറൂഹായുടെ പത്രം. അതായത് മാമോദീസാ മൂലം പുത്രത്വത്തിന്റെ അവകാശം ഞങ്ങളിൽ എഴുതപ്പെട്ടു. അതായത് നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടതിനാൽ നിങ്ങൾ സന്തോഷിപ്പിൻ

ഭയത്തോടുകൂടെ കർത്താവിനെ നാം ഏറ്റുപറയണം എന്ന് പട്ടക്കാരൻ പറയുന്നതിനേക്കുറിച്ച്. എന്തുകൊണ്ടാണ് അദ്ദേഹം ഭയത്തോടുകൂടെ കർത്താവിനെ അവർ ഏറ്റുപറയണം എന്ന് കൽപ്പിക്കുന്നത്? മൂന്ന് കാരണങ്ങളാൽ എന്ന് നാം പറയും. ഒന്ന്, അടച്ച് വച്ചിരുന്നതായ രഹസ്യങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. രണ്ട്, മാലാഖമാർ ഇറങ്ങിവന്ന് രഹസ്യങ്ങൾക്ക് ചുറ്റും നിൽക്കുന്നതിനാൽ. വീണ്ടും മൂന്ന്, ഇത്രയ്ക്ക് വലിയ സമ്മാനങ്ങൾ ഞങ്ങൾക്ക് തന്നതിനാൽ.

അതുകൊണ്ട് ജനം അദ്ദേഹത്തോട് മറുപടി പറയും അത് യുക്തവും ന്യായവും ആകുന്നു. നീ പറഞ്ഞതുപോലെ ഭയത്തോടെ അവനെ ഞങ്ങൾ ഏറ്റുപറയുന്നത് യുക്തവും ന്യായവും ആകുന്നു. കാരണം അവനും മുഴുവൻ ജനങ്ങളും ഒരു ശരീരമായിത്തീർന്നു എന്ന് പുരോഹിതൻ കാണുന്നു. അവൻ അവരുടെ മാനസിക-ഐക്യവും ആഗ്രഹങ്ങളും സ്വീകരിച്ച് അവർക്കുവേണ്ടി ഈ കുർബ്ബാന അണയ്ക്കുകയും നിന്നെ സ്തുതിക്കുന്നത് തീർച്ചയായും യുക്തവും ന്യായവുമാകുന്നു, നിന്നെ ബഹുമാനിക്കുന്നു എന്ന് രഹസ്യമായി കർത്താവിനെ ഏറ്റുപറയുന്നു. ഇതാകുന്നു കുർബ്ബാനയുടെ ആരംഭം. ഇവിടെ മുതലാണ് പട്ടക്കാരൻ അർപ്പണം തുടങ്ങുന്നത്.

പുരോഹിതൻ വടിവായി നിന്ന് ഉന്നത ശബ്ദത്തിൽ സ്വർഗ്ഗാധി സ്വർഗ്ഗങ്ങൾ മഹത്വപ്പെടുത്തുന്നവനെ തുടങ്ങിയ പ്രാർത്ഥനകൾ ചൊല്ലുന്നു. സ്തുതിക്ക് യോഗ്യനും കടപ്പെട്ടവനുമായവന് എല്ലാ ശരീരികളും അശരീരികളുമായ സൃഷ്ടികളും സ്തുതി കരേറ്റണം.

ആറ് ചിറകുകൾ വീതമുള്ള സ്രോപ്പേന്മാർ, അവ രണ്ടുകൊണ്ട് അവരുടെ മുഖങ്ങൾ മൂടുകയും രണ്ടുകൊണ്ട് അവരുടെ കാലുകൾ മറയ്ക്കുകയും രണ്ടുകൊണ്ട് പറന്ന് നിന്ന് സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നട്ടഹസിച്ച് സ്തുതികൾ സമർപ്പിക്കുന്നു. തങ്ങളുടെ മുഖങ്ങളെ മറയ്ക്കുന്നത് മൂലം അർത്ഥമാക്കുന്നത് ദൈവം നിത്യനാകുന്നു അവന് ആരംഭം ഇല്ല എന്നും തങ്ങളുടെ കാലുകളെ മറയ്ക്കുന്നത് ദൈവം അന്തമില്ലാത്തവനാകുന്നു അവന് പരിധിയില്ല എന്നും കാണിക്കുവാനാണ്. രണ്ട് ചിറകുകൾകൊണ്ട് പറന്നുനിന്ന് സ്തുതിക്കുന്നത് ആദിയും അന്തവും ഇല്ലാത്തവനെ എല്ലാവരും സ്തുതിക്കുവാൻ കടപ്പെട്ടിരിക്കുന്നു. മൂന്ന് പ്രാവശ്യം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് പാടുന്നത് അർത്ഥമാക്കുന്നത് ഈ ദൈവത്തിന് ആദിയുമില്ല അന്തവുമില്ല അവൻ മൂന്ന് ആളത്തങ്ങളാകുന്നു. അവർ അവനെ കർത്താവെന്ന് വിളിക്കുന്നതിലൂടെ അവർ മൂന്ന് ആളത്തങ്ങളാകുന്നു എന്നും ഒരു ഉണ്മയും ഒരു കർത്താവും ആകുന്നു എന്നുമാണ് അർത്ഥമാക്കുന്നത്. അവർ അവനെ ബലവാൻ എന്ന് വിളിക്കുമ്പോൾ സൂചിപ്പിക്കുന്നത്, അവന്റെ ശക്തിയുടെ പൂർണ്ണത എല്ലാ സൃഷ്ടികളേയും ഉണ്ടാക്കി തന്റെ ദയയാൽ അവയെ കാക്കുകയും പരിപാലിക്കുകയും ചെയ്തു. ശാബത്തിന്റെ (ദൈവം) എന്നത് സൂചിപ്പിക്കുന്നത് അവൻ സൈന്യങ്ങളുടെ കർത്താവാകുന്നു എന്നാണ്. എബ്രായർ സൈന്യങ്ങൾ എന്നാണ് ശാബത്തിനെ (Sabaoth) വ്യാഖ്യാനിക്കുന്നത്. സൈന്യങ്ങളുടെ ഉടയവനായ കർത്താവ് എന്നിങ്ങനെ സ്രാപ്പേന്മാർ പാടുന്നു.

മറ്റൊരു തരത്തിലുള്ള വ്യാഖ്യാനം. പരിശുദ്ധ ത്രിത്വത്തിൽ ഒരുവൻ അതായത് ഉടൻ മനുഷ്യാവതാരം ചെയ്യേണ്ട പുത്രൻ ഉന്നതമായ സിംഹാസനത്തിൽ ഇരിക്കുന്നതും സ്രോപ്പേന്മാർ അവന് ചുറ്റും നിൽക്കുന്നതും ഏശായാ നിബി മുൻകൂട്ടി കണ്ടു. അവന്റെ നിത്യത പരിശോധിക്കുവാൻ പാടില്ലാത്തതാണ് എന്ന് സൂചിപ്പിക്കുവാനാണ് അവരുടെ മുഖം മറച്ചിരിക്കുന്നത്. അവരുടെ കാലുകൾ മൂടിയിരിക്കുന്നത് അവന്റെ മനുഷ്യാവതാരവും നിർവ്വചിക്കുവാൻ കഴിയാത്തതാണെന്ന് കാണിക്കുവാനാണ്. രണ്ടുകൊണ്ട് പറന്ന് എല്ലായ്പ്പോഴും സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. മൂന്ന് പ്രാവശ്യം പരിശുദ്ധൻ എന്ന് അവർ അട്ടഹസിക്കുന്നത് അവൻ മൂന്ന് വിശുദ്ധ ആളത്വത്തിൽ ഒന്നാണെന്ന് തെളിയിക്കുവാനാണ്. അവനെ കർത്താവെന്ന് അവർ പറയുന്നത് അവൻ പിതാവിനോടും റൂഹായോടും കൂടെ ഉണ്മയിൽ സമനാണെന്ന് കാണിക്കുവാനാണ്. അവർ ബലവാനെ എന്ന് പറയുന്നത് അർത്ഥമാക്കുന്നത് അവൻ ദൈവമായിരിക്കെ വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്നു. അവൻ സാത്താനെയും മരണത്തേയും ജയിച്ച് മനുഷ്യവർഗ്ഗത്തിന് രക്ഷയുണ്ടാക്കി. ഇവയെല്ലാം അവൻ ചെയ്തത് അവന്റെ ദൈവിക ശക്തിയാലാണ്.

വീണ്ടും മറ്റൊരുതരത്തിൽ, അവയുടെ മുഖങ്ങൾ മറയ്ക്കുന്നത് അർത്ഥമാക്കുന്നത്, സ്രോപ്പേന്മാർ വളരെ അധികം ഉന്നതങ്ങളിലാണെങ്കിലും അവർക്ക് അനുവദിച്ചിട്ടുള്ളതിലും അധികം അന്വേഷിക്കുവാൻ അവർ ധൈര്യപ്പെട്ടില്ല. വിജ്ഞാനികളായവർ പറഞ്ഞിട്ടുള്ളതുപോലെ നിന്നേക്കാൾ ഉയരത്തിലുള്ളത് നീ അന്വേഷിക്കരുത്. നിനക്ക് അഗാധങ്ങളായവയെ നീ പരിശോധിക്കരുത് എന്ന് പറയപ്പെട്ടിരിക്കുന്നതുപോലെ. അവരുടെ കാലുകൾ മൂടുന്നത് അവർ ദൈവത്തിന്റെ അഗാധങ്ങളും അപരിശോധ്യങ്ങളുമായ ന്യായവിധികളെ പരിശോധിക്കരുത് എന്നാണ് അർത്ഥമാക്കുന്നത്. പിശാച്



ചെയ്തതുപോലെ നിയമത്തെ പുശ്ചിക്കാതെ ദൈവം തന്റെ സൃഷ്ടികൾക്ക് ആക്കിവച്ചിരിക്കുന്ന നിയമത്തിൻ കീഴിൽനിന്ന് അകന്നുപോകാതെ ദൈവം അവർക്ക് കൊടുത്തിട്ടുള്ളതിനോട് അവർ ചേർന്ന് നിൽക്കുന്നു.

ജനം മറുപടിയായി പറയുന്നു. തന്റെ മഹത്വംകൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ കർത്താവ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന. കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവൻ ഉയരങ്ങളിൽ ഊശാന. അതായത്, ഞാൻ പറഞ്ഞതുപോലെ സ്രോപ്പേന്മാർ അവനെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ കർത്താവ് ശക്തനാകുന്നു. അവൻ എല്ലാറ്റിനേയും ഉണ്മയിലേക്ക് വരുത്തി. രണ്ട്, അവ ഒന്നും നശിച്ചുപോകാതെ അവയെ കാക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. മൂന്ന്, അവൻ ദൈവം ആയിരിക്കെ മാറ്റം വരാതെ അവൻ മാംസം ധരിച്ചു. നാല്, അവൻ പാപത്തെയും മരണത്തെയും സാത്താനെയും ജയിച്ച് നമ്മെ അവയിൽനിന്ന് വീണ്ടെടുത്തു. അഞ്ച്, ബലഹീനമായ നമ്മുടെ ജഡം അവൻ ധരിച്ചു എങ്കിലും തന്റെ ദൈവത്വത്താൽ അവൻ ശക്തനായിരുന്നു.

തന്റെ മഹത്വം കൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന: എല്ലാ സ്വർഗ്ഗീയരും എല്ലാ ഭൗമീകരും തന്നെ മഹത്വപ്പെടുത്തുന്നു എന്ന് കാണിക്കുന്നു.

ഉയരങ്ങളിൽ ഊശാനാ: എബ്രായ ഭാഷയിലാണ് ഊശാന എന്ന് പറയുന്നത്. എബ്രായക്കാരിൽ നിന്ന് ഗ്രീക്കുകാരും സുറിയാനിക്കാരും ഇതെടുത്തു. എബ്രായർ പറയുന്നത് ഹോശന്നാ എന്നാണ്. ഗ്രീക്കുകാർ പറയുന്നത് ഓസന്നാ എന്നാണ്. സുറിയാനിക്കാർ ഊശാനാ എന്നും. ഊശാനയ്ക്ക് എബ്രായ ഭാഷയിൽ രക്ഷ എന്നാണ് വ്യാഖ്യാനം. ഗ്രീക്ക് ഭാഷയിൽ സ്തുതി എന്നും സത്യമായും യേശു രക്ഷകൻ ആകുന്നു എന്നും അവനാകുന്നു സ്തുതികൾക്കുടയവൻ എന്നുമാണ്. അവൻ തന്റെ ജനത്തേ പാപങ്ങളിൽനിന്ന് രക്ഷിക്കും (മത്താ 1:21) എന്ന് പറഞ്ഞ് ഗബ്രിയേൽ മാലാഖാ യൗസേഫിനോട് സാക്ഷിച്ച രക്ഷകൻ ഇവനാകുന്നു. അവൻ നമ്മെ പാപത്തിൽ നിന്നും സാത്താനിൽ നിന്നും മരണത്തിൽ നിന്നും രക്ഷിച്ചു. ഇവനാകുന്നു സ്തുതികൾക്ക് ഉടയവൻ എന്ന് പൗലോസ് സാക്ഷിച്ച് പറഞ്ഞു. ‘‘അവനെ നാം അറിഞ്ഞിരുന്നു എങ്കിൽ തേജസ്സിന്റെ കർത്താവിനെ നാം ക്രൂശിക്കയില്ലായിരുന്നു’’ (1കൊരി 2:8). അനുഗ്രഹിക്കപ്പെട്ട സുവിശേഷകനായ മത്തായിയുടെ വ്യാഖ്യാനത്തിലും ഊശാനയ്ക്കു വേണ്ടി നാം തയ്യാറാക്കിയ പാട്ടുകളിലും വളരെ മനോഹരമായി ഊശാനയേക്കുറിച്ച് പറയുന്നുണ്ട്.

ജനം ഉത്തരമായി ഇപ്രകാരം പറയുന്നു ഞങ്ങൾക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത് ഞങ്ങളെ രക്ഷിച്ച പുത്രന് സ്തുതി.

കർത്താവിന്റെ നാമത്തിൽ വന്നവനും വരുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു: അതായത് അവന്റെ ആദ്യവരവിൽ അവൻ വന്ന് നമ്മെ രക്ഷിച്ചു. അവന്റെ രണ്ടാമത്തെ വരവിൽ ന്യായം വിധിപ്പാനും പ്രതിഫലം കൊടുക്കുവാനുമായി അവൻ വീണ്ടും വരും.

കർത്താവിന്റെ നാമത്തിൽ: അവന്റെ പിതാവായ കർത്താവിന്റെ നാമത്തിൽ ഒന്നാമത് അവൻ വന്നു. അവൻ പറഞ്ഞിരിക്കുന്നതുപോലെ രണ്ടാമത്തെ വരവിലും അവന്റെ പിതാവിന്റെ നാമത്തിൽ അവൻ വരും. തന്റെ സ്വഭാവത്തിൽ

കുറവോ വ്യത്യാസമോ ഉള്ളവനായല്ല എന്നാൽ നിറവുള്ളവനും ഉണ്മയിൽ പിതാവിനോട് സമമായിരിക്കുന്നവനും ആയി വരും. അവൻ പറഞ്ഞതുപോലെ, ഞാനും എന്റെ പിതാവും ഞങ്ങൾ ഒന്നാകുന്നു. പിതാവിനുള്ള സകലവും എനിക്കുണ്ട് എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു.

നീ സത്യമായും വിശുദ്ധനാകുന്നു തുടങ്ങിയവ പട്ടക്കാരൻ വണങ്ങി പറയുന്നതിനേക്കുറിച്ച്: സ്രോപ്പേന്മാർ പരിശുദ്ധ ത്രിത്വത്തെ വാഴ്ത്തുന്നതിനെ അവൻ ഉറപ്പിക്കുകയും മറുപടി പറയുകയും വീണ്ടും പറയുകയും ചെയ്യുന്നു, പിതാവെ നീ പരിശുദ്ധനാകുന്നു, പുത്രാ നീ പരിശുദ്ധനാകുന്നു, പരിശുദ്ധ റൂഹാ നീ പരിശുദ്ധനാകുന്നു. അപ്പോൾ അവൻ പിതാവിന്റെ ആളത്വത്തെ നോക്കിക്കൊണ്ട് നമുക്കു വേണ്ടിയുള്ള പുത്രന്റെ രക്ഷാപ്രവർത്തനത്തെക്കുറിച്ച് പറയുന്നു. അതായത് അവൻ നേരേ നിന്ന് മാളികമുറിയിൽ വച്ചുള്ള രഹസ്യപൂർണ്ണമായ അത്താഴത്തിൽ ഇവ പറഞ്ഞു.

തന്റെ സ്വന്ത ഇഷ്ടപ്രകാരം മരണം സ്വീകരിക്കുവാൻ സമയമായപ്പോൾ മുതലായവ: അവന്റെ വിശുദ്ധ കൈകളിൽ അപ്പമെടുത്ത് നന്ദി പറഞ്ഞ്, വാഴ്ത്തി, വിശുദ്ധീകരിച്ച് മുറിച്ച്. അതായത്, അവൻ അപ്പം എടുത്തു എന്നു പറയുമ്പോൾ അവൻ കന്യകയിൽ നിന്ന് ജഡം എടുത്തു എന്ന് സൂചിപ്പിക്കുന്നു. അവൻ പിതാവിനെ കാണിച്ചു എന്ന് പറയുമ്പോൾ രണ്ട് കാര്യങ്ങൾ നമ്മെ കാണിക്കുന്നു. ഒന്ന്, അവന്റെ തന്നെ ഒരു കാര്യമെന്ന വിധം അവൻ സംസാരിക്കുന്നു. രണ്ട്, യഹൂദന്മാർ പൊളിയായി അവനേക്കുറിച്ച് ആരോപിക്കുന്നതുപോലെ താൻ പിതാവിന് എതിരല്ല എന്ന് വ്യക്തമാക്കുന്നു.

അവൻ സ്തോത്രം (കൃതജ്ഞത) ചൊല്ലി: രണ്ടുകാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം. ഒന്ന്, അവൻ പിതാവിന് സ്തോത്രം ചൊല്ലി കാരണം പൗലോസ് പറഞ്ഞതുപോലെ നമ്മുടെ ആകൃതിയിൽ തന്റെ പുത്രനെ ലോകത്തിലേക്ക് ആയച്ചു. രണ്ട്, അവൻ തന്റെ പിതാവിന്റെ ഇഷ്ടത്തോട് അനുരൂപപ്പെട്ടു, അവന്റെ വിശ്വാസപ്രഖ്യാപനം ഒരു അനുരൂപപ്പെടൽ ആയിരുന്നു. പിതാവെ ഞാൻ അങ്ങയുടെ ഇഷ്ടം ചെയ്‌വാൻ ആഗ്രഹിക്കുന്നു, മനുഷ്യവർഗ്ഗത്തിനു വേണ്ടി കഷ്ടതയും മരണവും ഞാൻ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുന്നു.

അവൻ വാഴ്ത്തി: ഈ കാര്യങ്ങൾ അവൻ പ്രഖ്യാപിക്കുന്നു. ഒന്ന്, കൽപ്പന ലംഘനം മൂലമുണ്ടായ മനുഷ്യ വർഗ്ഗത്തിന്റെ ശാപത്തെ നീക്കി അവരെ അനുഗ്രഹിച്ചു. ഏലിശുബാ കന്യകയോട് പറഞ്ഞതുപോലെ, നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു. നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത്. രണ്ട്, അനുഗ്രഹിക്കുന്നവനായ പിതാവിനേക്കാൾ തന്റെ ഉണ്മയ്ക്ക് ഒട്ടും കുറവുള്ളവനല്ല എന്നാൽ താൻ അനുഗ്രഹിക്കുന്നവനാണെന്ന് അവൻ കാണിച്ചു.

അവൻ ശുദ്ധീകരിച്ചു: വീണ്ടും രണ്ട് കാര്യങ്ങൾ മനസ്സിലാക്കാം. ഒന്ന്, നമ്മെ പാപത്തിൽനിന്ന് ശുദ്ധീകരിച്ചു. ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് (പറഞ്ഞതുപോലെ). രണ്ട്, ഇതാ നിങ്ങളെ ശുദ്ധീകരിക്കേണ്ടതിന് ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു എന്ന് അവൻ പറഞ്ഞതുപോലെ അവൻ നമുക്കുവേണ്ടി തന്നെത്തന്നെ ശുദ്ധീകരിച്ചു.

മുറിച്ചു: എന്നതുകൊണ്ട് തന്റെ കഷ്ടാനുഭവത്തേയും കുരിശാരോഹണത്തേയും കൊലയേയും കുന്തം കൊണ്ടുള്ള മുറിവിനേയും മരണത്തേയും നമ്മെ പഠിപ്പിച്ചു. മറ്റൊരു കാര്യം കൂടെ അറിയുന്നത് യുക്തമായിരിക്കും. ഇവിടെ പുരോഹിതൻ അപ്പം (പ്രിസ്താ) എടുത്ത് അൽപ്പം മാത്രമേ മുറിക്കുകയുള്ളൂ. രണ്ട് ഭാഗങ്ങളായി പ്രത്യേകം വിഭജിക്കുകയില്ല. ഇത് പ്രഖ്യാപിക്കുകയും സൂചിപ്പിക്കുകയും ചെയ്യുന്നത് മശിഹാ കുരിശിന്മേൽ മുറിക്കപ്പെട്ടു മരിച്ചു തന്റെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടു. എന്നാൽ തന്റെ ദൈവത്വം ആത്മാവിൽ നിന്നോ തന്റെ ശരീരത്തിൽ നിന്നോ വേർപിരിയുകയോ പുറപ്പെട്ടു പോകയോ ചെയ്തില്ല. എന്നാലോ അവന്റെ ആത്മാവിലും ശരീരത്തിലും (ദൈവത്വം) ഉണ്മയിലും സ്വഭാവത്തിലും ഏകമായി നിലകൊണ്ടു. അതുകൊണ്ട് പുരോഹിതൻ ഈ സമയത്ത് വളരെ ശ്രദ്ധാലുവായിരിക്കണം. അവൻ പ്രിസ്താ മുറിക്കുമ്പോൾ കൃത്യമായി കുറച്ചുമാത്രമേ മുറിക്കാവൂ. അതിനെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളായി മുറിച്ച് മാറ്ററുത്. അതുകൊണ്ട് മുറിക്കുന്നത് മൂലം ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടു എന്നതിന്റെ സൂചനയും പ്രഖ്യാപനവുമാണ്. വെവ്വേറേ ഭാഗങ്ങളായി മാറ്റാത്തത് വെളിവാക്കുന്നതും അർത്ഥമാക്കുന്നതും ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽനിന്നോ വേർപെട്ടില്ല എന്നതാണ്.



അവൻ തന്റെ ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് പറഞ്ഞു ഇതിൽനിന്ന് **എടുത്ത് ഭക്ഷിക്കുവിൻ:** അതായത്, ശിഷ്യന്മാർ മടികൂടാതെ ശരീരത്തിൽനിന്ന് ഭക്ഷിച്ചു. എന്നാൽ കർത്താവ് അതിൽനിന്ന് ഭക്ഷിച്ചോ ഇല്ലയോ എന്ന് അറിയുന്നത് നന്നായിരിക്കും. നാം പറയും അവൻ തന്റെ ശരീരത്തിൽനിന്ന് എടുത്ത് ഭക്ഷിച്ചു അവന്റെ രക്തത്തിൽനിന്ന് കുടിച്ചു. ഇത് മനസിലാകുന്നത് *മുന്തിരിവള്ളിയുടെ അനുഭവം ദൈവരാജ്യത്തിൽ വച്ച് നിങ്ങളോടുകൂടെ പുതുതായി പാനം ചെയ്യുന്നതുവരെ ഞാനിതിൽനിന്ന് കുടിക്കയില്ല* (മത്തായി 26:29, മർക്കോസ് 14:25) എന്ന് അവൻതന്നെ പറഞ്ഞതിൽ നിന്നാണ്. അതുപോലെ മാർ യോഹന്നാൻ പറഞ്ഞു അവൻ രുചിച്ചിട്ട് അവന്റെ ശിഷ്യന്മാർക്ക് കൊടുത്തു. വീണ്ടും, അവൻ തന്റെ ശരീരത്തിൽനിന്നും രക്തത്തിൽനിന്നും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു എന്ന് കുറിയാക്കോസ് പാത്രിയർക്കീസും പറയുന്നു. അവൻ തന്റെ ശരീരം ഭക്ഷിച്ചു അവരെ തീറ്റിച്ചു തന്റെ രക്തം പാനം ചെയ്തു അവരെ കുടിപ്പിച്ചു എന്ന് വിശുദ്ധനായ മാർ അപ്രേം പറഞ്ഞു.

ഇതെന്റെ ശരീരമാകുന്നു: ഇവിടെ ഇത് മനസ്സിലാക്കുന്നത് നന്നാണ്. മശിഹാ എടുത്ത് വാഴ്ത്തി ശുദ്ധീകരിച്ച് തന്റെ ശരീരമെന്ന് നാമകരണം ചെയ്ത അപ്പം കന്യകയിൽ നിന്നെടുത്ത ശരീരം തന്നെയാണോ അതോ അതുകൂടാതെ മറ്റേതെങ്കിലും ആണോ? ആ വീഞ്ഞ് കന്യകയിൽ നിന്നെടുത്ത രക്തമാണോ അതോ അതുകൂടാതെ മറ്റേതെങ്കിലുമാണോ? നാം പറയുന്നു ഇത് കന്യകയിൽ നിന്നുള്ള അവന്റെ ശരീരവും രക്തവും ആകുന്നു. ചിലപ്പോൾ ചിലർ തിരിച്ച് ചോദിച്ചേക്കാം ഇതെങ്ങനെ സംഭവിക്കും? അങ്ങനെയുള്ളവരോടും നാം പറയുന്നു ആദിയിൽ തന്റെ വലത്തുകയ്യിൽ ഭൂമിയിൽ നിന്ന് മണ്ണെടുത്ത് അതിനെ മാറ്റി ആദാമിന്റെ ശരീരമാക്കിത്തിർത്തവൻ ഈ അപ്പത്തെയും മാറ്റി കന്യകയിൽ നിന്നുള്ള വചനമായ തന്റെ ശരീരമാക്കി. അതു തന്നെ ഈ വീഞ്ഞിനെയും മാറ്റി കന്യകയിൽ നിന്നുള്ള രക്തമാക്കി തീർത്തു. വീണ്ടും മെസ്രേമിൽ വച്ച് കുഞ്ഞാടിന്റെ ശരീരമെടുത്ത പരിശുദ്ധ റൂഹാ മെസ്രേനിൽനിന്ന് എബ്രായക്കാരെ വിടുവിച്ചതുപോലെ ഈ അപ്പത്തെയും പരിശുദ്ധ കന്യകയിൽ നിന്നുള്ള ശരീരമാക്കി തീർത്തു, അതുപോലെ വീണ്ടും വീഞ്ഞിനെയും പരിശുദ്ധ കന്യകയിൽ നിന്നുള്ള രക്തമാക്കിത്തീർത്തു.

നാമറിയുക, അങ്ങനെതന്നെ ഇന്നും പട്ടക്കാരൻ കാഴ്ചയണക്കുന്ന അപ്പത്തേയും വീഞ്ഞിനേയും പരിശുദ്ധ റൂഹാ കന്യകയുടെ ഉദരത്തിൽ ഇറങ്ങി അവളിൽ നിന്നുമുള്ള ശരീരത്തെ വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആക്കിത്തീർക്കുന്നു. അവൻ തന്നെ ബലിപീഠത്തിന്മേൽ ഇറങ്ങുമ്പോൾ അതിന്മേൽ വച്ചിട്ടുള്ള അപ്പത്തേയും വീഞ്ഞിനേയും പട്ടക്കാരന്റെ കൈകളാൽ അണയ്ക്കുകയും അർപ്പിക്കുകയും ചെയ്യുമ്പോൾ മറിയാമിൽ നിന്നെടുത്ത വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമാക്കുന്നു.

വീണ്ടും, ഇതറിയുന്നത് യുക്തമാണ്. മെസ്രനിൽ നിന്ന് മാളികമുറി വരെ ഈ രഹസ്യം ന്യായപ്രമാണമായും മോശൈകികമായും ഉപമാനമായും ശരീരവും രക്തവുമായി ശുശ്രൂഷിക്കപ്പെട്ടു. എന്നാൽ മാളിക മുതൽ ലോകാവസാനം വരേയും യഥാർത്ഥമായും നിഴലല്ലാതെയും വചനമായ ദൈവവും വലിയവനും നമ്മുടെ രക്ഷകനുമായ യേശു മിശിഹായുടെ ശരീരവും രക്തവും ആയിരിക്കും.

വീണ്ടും മാളികയിൽ വച്ചുണ്ടായ ഈ വലിയ അത്ഭുതം നാം മനസ്സി

ലാക്കണം. അവൻ അത്താഴത്തിൽ ശ്ലീഹന്മാരോടൊപ്പം ഇരിക്കുകയായിരുന്നു, അവന് ജീവനും ഉണ്ടായിരുന്നു. അവൻ തന്റെ ശരീരത്തിൽ നിന്ന് ഭക്ഷിച്ചു അവരെ തീറ്റിക്കുകയും ചെയ്തു. അവന്റെ രക്തത്തിൽ നിന്ന് കുടിക്കുകയും അവരെ കുടിപ്പിക്കുകയും ചെയ്തു. സത്യത്തിൽ ഇതൊരു അത്ഭുതമാണ്. എല്ലാ മാനുഷിക ബുദ്ധിക്കും അപ്പുറമാണിത്. അവർക്കത് മനസ്സിലാവില്ല. അവർക്കത് മനസ്സിലായാൽ അതൊരു അത്ഭുതമല്ല.

നാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്ന ശരീരവും രക്തവും വചനമായ ദൈവത്തിന്റേതാണോ അതോ വിശ്വാസ വിപരീതികൾ പറയുന്നതുപോലെ മറിയാമിൽ നിന്നുള്ള മനുഷ്യന്റേതാണോ? വീണ്ടും ഇത് പരിശോധിക്കുന്നത് ഇവിടെ ഉചിതമായിരിക്കും. നാം പറയും ശരീരവും രക്തവും വചനമായ ദൈവത്തിന്റേതാകുന്നു. കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുന്നവൻ (1 കൊരി. 11:27) മുതലായി വിശുദ്ധ പൗലോസ് സാക്ഷ്യപ്പെടുത്തുന്നു. കർത്താവിന്റെ ശരീരവും രക്തവും വിവേചിക്കാതെ എന്ന് മുതലായി വീണ്ടും പറയുന്നു. മനുഷ്യന്റെ ശരീരവും രക്തവും എന്നല്ല കർത്താവിന്റെ ശരീരവും രക്തവും എന്ന് അവൻ പറയുന്നത് നോക്കൂ. അതുകൊണ്ട് നാം സ്വീകരിക്കുന്നത് വചനമായ ദൈവത്തിന്റെ ശരീരവും രക്തവും ആകുന്നു അല്ലാതെ മനുഷ്യന്റേതല്ല.

നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുന്നു: അതായത് നിങ്ങൾക്കുവേണ്ടി മാത്രമല്ല അല്ലെങ്കിൽ പന്ത്രണ്ട് ശ്ലീഹന്മാർക്ക് വേണ്ടി മാത്രമല്ല ഈ ശരീരം മുറിക്കപ്പെടുന്നത് എന്നാൽ എന്നിൽ വിശ്വസിക്കുന്ന മറ്റനേകർക്ക് വേണ്ടിയും കൂടെയാണ് താൻ സ്കീപ്പായിൽ വച്ച് ബലിയായി മുറിക്കപ്പെട്ടത് എന്നാണ് അവൻ പറഞ്ഞത്.

കടങ്ങളുടെ മോചനത്തിനും എന്നേക്കുമുള്ള ജീവനുമായി ഇവ നൽകപ്പെടുന്നു: അതായത്, രണ്ട് കാരണങ്ങളാലാണ് തന്റെ വിശുദ്ധ ശരീരം വിശ്വാസികൾക്ക് നൽകപ്പെടുന്നു എന്ന് അവൻ പറഞ്ഞത്. ഒന്ന്, അതുമൂലം അവരുടെ പാപങ്ങൾ മോചിക്കും, രണ്ട്, എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും (യോഹ 6:54,58) എന്ന് അവൻ മറ്റൊരിടത്ത് പറഞ്ഞതുപോലെ സ്വർഗ്ഗരാജ്യത്തിൽ അവർക്ക് എന്നേക്കുമുള്ള ജീവൻ നൽകപ്പെടും. ഇവ കൂടെ അറിയുന്നത് ഉചിതമായിരിക്കും. എന്നേക്കുമുള്ള ജീവൻ എന്ന് പട്ടക്കാരൻ ഇവിടെ പറയുമ്പോൾ ജനത്തിന് മറുപടിയായി ആമ്മീൻ എന്ന് പറയുവാൻ തക്കവണ്ണം നിർത്തുന്നത് നല്ലതല്ല. കാരണം ഇതൊരു പ്രാർത്ഥനയോ അപേക്ഷയോ അല്ല. എന്നാലോ ഇത് ഇവിടെ ഒരു പ്രസ്താവനയാണ്. അതൊരു പ്രാർത്ഥന ആയിരുന്നെങ്കിൽ ജനം ആമ്മീൻ പറയുന്നത് ഉചിതമാണ്. എന്നാൽ ഒരു പ്രസ്താവന ആയതിനാൽ അത് ഉചിതമല്ല. അതുകൊണ്ട് ഞാൻ വരുന്നതുവരെ ഇപ്രകാരം ചെയ്‌വീൻ എന്നു പറയുന്നതുവരെ പട്ടക്കാരൻ നിർത്താതെ ചൊല്ലുന്നത് ഉചിതമായിരിക്കും.

വീഞ്ഞും വെള്ളവും കലർത്തിക്കൊണ്ട് അവൻ അവരോട് പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്ന് വാങ്ങി പാനം ചെയ്‌വീൻ ഇത് പുതിയ നിയമത്തിന്റേതായ എന്റെ രക്തമാകുന്നു. ഇത് പരിശോധിക്കുന്നത് ഇവിടെ ഉചിതമായിരിക്കും. എന്താകുന്നു ഈ നിയമം? എന്നാണ് ഇത് നിജപ്പെടുത്തിയത്? എന്ന് അല്ല? നാം പറയും നിയമം ഒരു ഉടമ്പടിയാകുന്നു. അതുണ്ടാക്കിയ ആൾ മരിച്ചുകഴിഞ്ഞാൽ അതുറപ്പിക്കപ്പെട്ടു, അതിൽ നിന്നൊന്നും മാറ്റുവാൻ കഴിയില്ല. മരിച്ചില്ലായിരുന്നു എങ്കിൽ ഉറപ്പിക്കപ്പെടുകയില്ലായിരുന്നു. കാരണം അവനുമാത്രമായിരുന്നു അവ നിഷ്ടമുള്ള ഭേദഗതി നടത്തുവാനുള്ള അധികാരം. എന്താണിത് അർത്ഥമാക്കുന്നത്? രണ്ട് കാര്യങ്ങളാണ് അർത്ഥമാക്കുന്നതെന്ന് നാം പറയും. ഒന്ന്, അവൻ മരിച്ചു, രണ്ട്, അവന്റെ അവകാശം അവൻ ഇഷ്ടപ്പെടുന്നവർക്ക് കൊടുത്തു അല്ലെങ്കിൽ കൊടുക്കും. പഴയനിയമത്തിൽ കോലാടുകളുടേയും കുഞ്ഞാടുകളുടേയും കാളക്കിടാങ്ങളുടേയും രക്തത്താൽ ഉറപ്പിക്കപ്പെട്ടതുപോലെ. തന്റെ രക്തത്താൽ മശിഹാ പുതിയനിയമം നമുക്കായി ഉറപ്പിച്ചു ക്രമീകരിച്ചു. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ രക്തം ചൊരിയാതെ വിടുതൽ ഇല്ല (എബ്രാ 9:22). എന്നാൽ ഈ നിയമത്തിലൂടെ ക്രിസ്തു നമുക്ക് നൽകിയതെന്താണ്? നാം ഇവ പറയും. ഒന്ന്, മാമൂദീസായിലൂടെ നമ്മെ അവന്റെ പിതാവിന്റെ മക്കളാക്കിത്തീർത്തു. രണ്ട്, തന്റെ ശരീരവും രക്തവും വഴി നമ്മുടെ പാപങ്ങളെയും കടങ്ങളെയും കഴുകി വെടിപ്പാക്കി. മൂന്ന്, തന്റെ സ്വർഗ്ഗരാജ്യത്തിലേക്ക് നമ്മെ അടുപ്പിച്ചു. നാല്, വിശുദ്ധവും അവാച്യങ്ങളുമായ സന്തോഷത്തെ അവിടെ നമുക്കായി കാത്ത്



വിശുദ്ധ കുർബ്ബാന പടിഞ്ഞാട്ട് എഴുന്നള്ളിക്കുന്നു.
വലത്തുനിന്ന്: എൻ.എ. യോഹന്നാൻ മല്പാൻ (പിന്നീട് യൂഹാനോൻ മാർ സേവേറിയോസ്),ഫാ.കെ. ഫീലിപ്പോസ് (പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ്)

വച്ചിരിക്കുന്നു.

എന്തുകൊണ്ടാണ് നമ്മുടെ കർത്താവ് ശരീരം മുറിച്ചപ്പോൾ: തന്റെ ശിഷ്യന്മാരോട് ഇതിൽനിന്ന് വാങ്ങി ഭക്ഷിപ്പിൻ എന്നല്ലാതെ നിങ്ങളെല്ലാവരും എന്ന് എന്തുകൊണ്ട് പറഞ്ഞില്ല? വീണ്ടും, കാസാ എടുത്ത് നിങ്ങൾ എല്ലാവരും ഇതിൽ നിന്ന് എടുത്ത് പാനം ചെയ്‌വിൻ എന്ന് എന്തുകൊണ്ട് പറഞ്ഞു? നാം പറയും, ശിഷ്യന്മാരെല്ലാവരും തങ്ങളുടെ ശരീരത്തിന്റെ നിലനിൽപ്പിനായി ഭക്ഷണം സ്വീകരിക്കുന്നു. വീഞ്ഞോ, അവരെല്ലാവരും പാനം ചെയ്തിരുന്നില്ല. കാരണം അവരുടെ ഇടയിൽ നാസീർ വ്രതക്കാരുണ്ടായിരുന്നു. അതുകൊണ്ട് നാസീരായിട്ടുള്ള നിങ്ങളും എടുത്ത് പാനം ചെയ്യണം എന്നു പറഞ്ഞത്.

എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്‌വീൻ: അതായത്, ഞാൻ എപ്രകാരം ചെയ്തു എന്ന് നിങ്ങൾ കണ്ടോ അപ്രകാരം (നിങ്ങളും ചെയ്‌വീൻ).

നിങ്ങൾ ഈ അപ്പം ഭക്ഷിക്കുമ്പോഴും ഈ രക്തം കുടിക്കുമ്പോഴും നിങ്ങൾ എന്റെ മരണത്തെ ഓർക്കുകയും എന്റെ പുനരുത്ഥാനത്തെ നിങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. അതായത്, ഇതിനാൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടും. ഈ രഹസ്യം നിങ്ങൾ പൂർത്തീകരിക്കുമ്പോൾ രണ്ട് കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നു. ഒന്ന്, എന്റെ മരണത്തെ നിങ്ങൾ അനുസ്മരിക്കുന്നു. രണ്ട്, എന്റെ ഉയിർത്തെഴുന്നേൽപ്പിനെ നിങ്ങൾ ഏറ്റുപറയുന്നു.

ഞാൻ വരുന്നതു വരെ: ഇത് അറിയുന്നത് ഉചിതം. ഈജിപ്ത് മുതൽ മാളികമുറി വരെ ഈ രഹസ്യം കുഞ്ഞാടിന്റെ ശരീരവും രക്തവും കൊണ്ട് പ്രതീകാത്മകമായി പൂർത്തീകരിച്ചു. മാളിക മുതൽ ലോകാന്ത്യം വരെ നമ്മുടെ കർത്താവായ മശിഹായുടെ ശരീരം കൊണ്ട് പൂർത്തീകരിക്കപ്പെടണം.

ജനം മറുപടിയായി പറയുന്നു, ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റുപറയുന്നു നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കുകയും ചെയ്യുന്നു. അതായത്, നീ കൽപ്പിച്ചതുപോലെ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. കാരണം അതു മൂലം ഞങ്ങളുടെ മരണത്തെ നീ കൊന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റുപറയുന്നു, കാരണം അതിനാൽ ഞങ്ങൾക്ക് ഉയിർപ്പിന്റെ ഉറപ്പും പുതിയ ജീവന്റെ ഫലവും ലഭിച്ചു. നിന്റെ വീണ്ടും വരവിനായി ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇപ്രകാരം നീ അരുളിച്ചെയ്തപ്രകാരം ഞങ്ങൾ നിന്റെ പിതാവിന്റെ രാജ്യത്തിൽ നിന്നോടുകൂടെ ആത്മീയ മക്കൾ എന്നപോലെ ആത്മീയ മുന്തിരിവള്ളിയുടെ ഫലം കുടിക്കും. അവനോടുകൂടെ അവിടെ വീഞ്ഞ് ഞങ്ങൾ കുടിക്കുകയും ചെയ്യും. അവിടെ ഞങ്ങൾക്കറിഞ്ഞുകൂടാത്ത പുതിയതും ആത്മീയവുമായ പഠിപ്പിക്കൽ ഉണ്ടാകും.

പുരോഹിതൻ അപ്പോൾ, **കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു മുതലായവ:** പുരോഹിതൻ ഇവിടെ ഉന്നത ശബ്ദത്തിൽ രക്ഷണ്യപ്രവർത്തനങ്ങളെ അനുസ്മരിക്കുകയും ഈ അപേക്ഷ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. പുത്രാ നിന്നോടും നിന്റെ പിതാവിനോടും നിന്റെ ഈ രഹസ്യം നിന്നോടപേക്ഷിക്കുമാറാകണമേ. ഞങ്ങളുടെ പാപങ്ങൾക്കനുസരിച്ച് ഞങ്ങളോട് പ്രവർത്തിക്കരുതേ. എന്നാലോ നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ കരുണയാൽ ഞങ്ങളോട് പൊറുക്കണമേ.

മറ്റനേക കാര്യങ്ങൾക്കായി: അതായത് മറ്റ് അനേക രക്ഷണ്യപ്രവർത്തനങ്ങൾക്കുവേണ്ടി.

നിന്റെ സഭയും നിന്റെ അവകാശവും: അതായത്, ക്രിസ്തോസ് എന്ന നിന്റെ പേരിൽനിന്ന് ക്രിസ്ത്യാനി എന്ന് നിന്റെ ജനത്തിന് പേര് വിളിക്കപ്പെട്ടു. അതുപോലെ മിശിഹയിൽ നിന്ന് മിശിഹായർ എന്നും. **നിന്റെ അവകാശം:** നിന്റെ പിതാവ് നിനക്ക് തന്നത്. നീ എന്നോട് ചോദിക്കൂ ജാതികളെ ഞാൻ നിനക്ക് അവകാശമായി തരാം (സങ്കീ 2:8). ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരവും അവൻ എനിക്ക് നൽകപ്പെട്ടിരിക്കുന്നു (മത്തായി 28:18). വീണ്ടും അവകാശം. അതായത് നീ വാഗ്ദാനം ചെയ്ത സ്വർഗ്ഗരാജ്യത്തിന്റെ അവകാശം.

നിന്നോട് യാചിക്കുന്നു: അതായത് അവളുടെ പാപങ്ങളെ അവളോട് കണക്കിടരുതെ എന്നാലോ നിന്റെ രണ്ടാമത്തെ വരവിന്റെ ദിവസത്തിൽ അവളോട് പൊറുക്കണമേ.

നിന്നോട് കൂടെ: അതായത്, കാര്യം കാരണത്തോട് എന്നപോലെ. വീണ്ടും നിന്നോട് കൂടെ എന്നാൽ, ഞങ്ങൾക്കും പിതാവിനും ഇടയ്ക്കുള്ള ഒരു മദ്ധ്യസ്ഥനേപ്പോലെ. നിന്റെ കൂടെ. അതായത്, അവൻ അവന്റെ പിതാവിന്റെ ഉണ്മയിലും സ്വഭാവത്തിലും സമനായിരിക്കുന്നു.

ജനം മറുപടിയായി പറയുന്നു **സർവ്വശക്തിയുള്ള പിതാവാം ദൈവമേ ഞങ്ങളോട് കരുണ ചെയ്യണമേ:** അതായത് പിതാവാം ദൈവമേ നിന്റെ പുത്രന്റെ മധ്യസ്ഥതയാൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു നീ ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നിന്റെ ഏകജാതനായ പുത്രന്റെ രണ്ടാമത്തെ വരവിൽ നിന്റെ കരുണ ഞങ്ങളുടെ മേൽ ചൊരിയണമേ.

പട്ടക്കാരൻ, **കർത്താവേ നിന്റെ സകല കൃപകൾക്കും വേണ്ടി** ഞങ്ങൾ നിനക്ക് നന്ദി കരേറ്റുകയും നിന്നെ ഞങ്ങൾ ഏറ്റു പറയുകയും ചെയ്യുന്നു. ഇവിടെ അദ്ദേഹം പറയുന്നത്, ആദിമുതൽ നിന്റെ ഏകജാതന്റെ മനുഷ്യാവതാരം വരെ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നിന്റെ സകല കൃപകൾക്കും ഞങ്ങൾ നന്ദി കരേറ്റുന്നു. നീ ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. അതായത്, നിന്റെ ഛായയിൽ നീ ഞങ്ങളെ സൃഷ്ടിച്ചു, ഞങ്ങളെ സ്വതന്ത്രാധികാരം അണിയിച്ചു, ഞങ്ങളേക്കുറിച്ച് നിനക്ക് ശ്രദ്ധയുള്ളവനായിരുന്നു മുതലായവ.

ഇവയ്ക്കെല്ലാം വേണ്ടി: അതായത് നിന്റെ പുത്രന്റെ മനുഷ്യാവതാരത്തിൽ ഞങ്ങൾക്ക് തന്നിട്ടുള്ള എല്ലാറ്റിനും വേണ്ടി, അത് പാപപരിഹാരമെങ്കിൽ അത്, പുത്രസ്വീകാര്യമെങ്കിൽ അത്, സ്വർഗ്ഗരാജ്യവും അതിലെ സന്തോഷങ്ങളോ അവയേപ്പോലുള്ളവയോ അതെല്ലാറ്റിനും വേണ്ടി.

ജനം മറുപടി പറയുന്നു: ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു, നിന്നിൽ ഞങ്ങൾ വിശ്വസിക്കുന്നു, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. അതായത്, പുരോഹിതൻ പറയുന്നു, ഒന്നാമത് നീ ഞങ്ങൾക്ക് തന്നിട്ടുള്ള സർവ്വത്തിനുംവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. രണ്ടാമത്, കൽപ്പന ലംഘനം മൂലമുണ്ടായ ശാപത്തിൽനിന്ന് ഞങ്ങളുടെ വർഗ്ഗത്തെ രക്ഷിച്ചതിനാൽ ക്രോബേന്മാരേപ്പോലെ നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നീ ഞങ്ങളുടെ ദൈവവും രക്ഷകനും നന്മകൾ ചെയ്യുന്നവനുമാകയാൽ നിന്നെ ഞങ്ങൾ ഏറ്റുപറയുന്നു, ഞങ്ങളുടെ നല്ല യാചനകൾക്ക് ഞങ്ങൾ മറുപടി യാചിക്കുന്നു.

നിശ്ശബ്ദമായും ഭയത്തോടും നിങ്ങൾ നിൽക്കണമെന്ന് ശെമ്മാശ്ശൻ പറയുന്നു: പരിശുദ്ധ റൂഹായുടെ ആവാസത്തിനായി ജനത്തെ ആഹ്വാനം ചെയ്യുന്നു. രണ്ടു കാരണങ്ങളാൽ അവർ ഇങ്ങനെ നിൽക്കണം. ഒന്ന്, നിശ്ശബ്ദമായി, കാരണം പരിശുദ്ധ റൂഹായുടെ കൃപ നൽകപ്പെടുന്നത് നിശ്ശബ്ദതയിലാണ്. അവരിൽനിന്ന് ഉച്ചത്തിലുള്ള ശബ്ദം പാടില്ല. രണ്ട്, ഭയത്തോടെ, കാരണം ഇസ്രായേൽ മക്കൾക്ക് സീനായ് മലയിൽ വച്ച് സംഭവിച്ചത് സംഭവിക്കാതിരിക്കുവാൻ കൂടിയാണ് ഭയം, അവർ മോശയോട് പറഞ്ഞു, നീ ഞങ്ങളോട് സംസാരിക്കണമേ ദൈവം ഞങ്ങളോട് സംസാരിച്ചിട്ട് ഞങ്ങൾ മരിക്കുവാനിടയാകരുതേ (പുറ 20:19).

പരിശുദ്ധാത്മാവിന്റെ ആഹ്വാനം: പരിശുദ്ധാത്മാവിനെക്കുറിച്ച് അറിയുന്നത് ന്യായമാണ്. എന്തിനാണ് ബലിപീഠത്തിൽ വച്ചിരിക്കുന്ന അപ്പത്തിന്മേലും വീഞ്ഞിന്മേലും (റൂഹാ) ഇറങ്ങുന്നത്? നോക്കൂ, പുത്രൻ അപ്പത്തിന്മേലും വീഞ്ഞിന്മേലും ഇറങ്ങി സത്താപരമായി അവയുമായി സംയോജിക്കുന്നു എന്ന് നമുക്കറിയാം. എന്നാൽ എന്തിനാണ് പരിശുദ്ധ റൂഹാ ഇറങ്ങി വരുന്നത്? ഈ കാരണങ്ങളാൽ എന്ന് നാം പറയും. പരിശുദ്ധാത്മാവ് ഇറങ്ങി വരും എന്നിങ്ങനെ മാലാഖാ അരുളിച്ചെയ്തതു പോലെ പരിശുദ്ധ കന്യകമറിയാമിന്റെ ഗർഭപാത്രത്തിൽ ഇറങ്ങിവന്ന് കന്യകയുടെ ശരീരത്തിൽ നിന്ന് വചനമായ ദൈവത്തിന്റെ ശരീരം ഉണ്ടായി. അതുപോലെ ബലിപീഠത്തിന്മേൽ വച്ചിരിക്കുന്ന അപ്പത്തിന്മേലും വീഞ്ഞിന്മേലും ഇറങ്ങി അവയെ കന്യകയിൽ നിന്ന് ജനിച്ച വചനമായ ദൈവത്തിന്റെ ശരീരവും രക്തവുമായി ആക്കിത്തീർക്കുന്നു. വീണ്ടും ഇപ്രകാരം പറയും. പിതാവിന് തന്റെ പുത്രനെ കന്യകമറിയാമിൽ നിന്ന് ശരീരം നൽകുവാൻ ഇഷ്ടപ്പെട്ടു അങ്ങനെ, പുത്രൻ കന്യകയുടെ ഗർഭപാത്രത്തിൽ ഇറങ്ങി ശരീരം ധരിച്ചു. അതുപോലെ റൂഹായും കന്യകയിൽ ഇറങ്ങി അവളിൽനിന്ന് പുത്രന് ജഡം നൽകി. അതുപോലെ ഇവിടെ ബലിപീഠത്തിലും പുത്രൻ അപ്പവും വീഞ്ഞുമായി സത്താപരമായി യോജിച്ച് അവന്റെ ശരീരവും രക്തവും ആകണമെന്ന് പിതാവിന് തിരുവിഷ്ടം തോന്നി. അതുകൊണ്ട് പുത്രൻ ഇറങ്ങി അവയെ സത്താപരമായി യോജിപ്പിക്കുന്നു. അതുപോലെ ആത്മാവും ഇറങ്ങി കന്യകയിൽ നിന്നുള്ള ശരീരം പോലെ അവയെ യോജിപ്പിക്കുന്നു. അതുകൊണ്ട് പുരോഹിതൻ തല വണങ്ങി ഭയത്തോടും നുറുങ്ങിയ ഹൃദയത്തോടും കരഞ്ഞ് പിതാവാം ദൈവത്തോട് കാലാതീതമായ കാരണമായ പുത്രനോടും റൂഹായോടും എല്ലാ നല്ല ദാനങ്ങളും നൽകുന്നവനും എന്ന നിലയിൽ അവനിൽനിന്ന് തന്റെ മേലും തന്റെ പിന്നിൽ നിൽക്കുന്ന വിശ്വാസികളായ എല്ലാ ജനത്തിന്മേലും ബലിപീഠത്തിൽ വച്ചിട്ടുള്ള രഹസ്യങ്ങളുടെ മേലും നിന്റെ പരിശുദ്ധാത്മാവിനെ അയക്കുവാനും രഹസ്യമായി യാചിക്കുന്നു. അനേക ആത്മാക്കൾ ഉള്ളതിനാൽ അതിൽനിന്ന് വ്യതിരിക്തമായി തിരിച്ചറിയുവാൻ അദ്ദേഹം വിശുദ്ധാത്മാവ് എന്ന് പറഞ്ഞു.

പരിശുദ്ധാത്മാവ്: പരിശുദ്ധന്മാരായ മറ്റ് ആത്മാക്കൾ ഉണ്ട് അവരാണ് മാലാഖമാർ. അവരിൽ നിന്ന് വേർതിരിച്ചറിയുവാൻ "ജീവൻ നൽകുന്ന കർത്താവായ ആത്മാവ്" എന്ന് അദ്ദേഹം കൂട്ടിച്ചേർത്തതാണ്. അതായത് ഈ റൂഹാ കർത്താവാകുന്നു. കൂടാതെ അവൻ എല്ലാ മാലാഖമാർക്കും ജീവനുള്ള എല്ലാവർക്കും ജീവൻ നൽകുന്നവനും ആകുന്നു.

സാരാംശത്തിൽ തുല്യമായിരിക്കുന്നവൻ: അവൻ വ്യത്യസ്ഥനാണ്. അതായത് മറ്റുള്ള എല്ലാ വിശുദ്ധ (ആത്മാക്കളിൽനിന്നും) അവനൊരു വ്യതിരിക്തത ഉണ്ട്. എന്താണത്? അവൻ പിതാവിനോടും പുത്രനോടും സാരാംശത്തിലും ദൈവത്വത്തിലും തുല്യനാണെന്ന് നാം പറയും. അവരെപ്പോലെ അവൻ പൂർണ്ണനുമാണ്.

ഇവ കൂടാതെ (പഴയ) നിയമത്തിൽക്കൂടി സംസാരിച്ചവൻ തുടങ്ങി മറ്റ് പ്രതിബിംബങ്ങൾ അവൻ കൊണ്ടുവരുന്നു. ഇവ ഓരോന്നിൽ നിന്നും അവൻ വ്യത്യസ്ഥനായി നിലകൊള്ളുന്നു.

പുരോഹിതൻ ഉച്ചസ്വരത്തിൽ, കർത്താവേ ഉത്തരമരുളണമേ, ഞങ്ങളോട് കരുണ ചെയ്യണമേ. അപ്പോൾ **ജനം അട്ടഹസിക്കുന്നു,** കുറിയേലായിസോൻ, **എന്തുകൊണ്ട്?** കാരണം പരിശുദ്ധാത്മാവ് രഹസ്യങ്ങളെ പൂർത്തീകരിക്കുകയും പൂർണ്ണതവരുത്തുകയും ചെയ്യുമെന്ന് വിശ്വാസത്താൽ ആശിക്കുന്നു. നെടുവീർപ്പിന്റെ ശബ്ദത്താൽ അവർ പിതാവിനോട് ഉച്ചത്തിൽ അപേക്ഷിക്കുന്നു, കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ. **കുറിയേലായിസോൻ** എന്നാൽ കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ എന്ന് അർത്ഥമാക്കുന്നു. (പുരോഹിതൻ) ഇപ്രകാരം ഉന്നത ശബ്ദത്തിൽ ചൊല്ലുന്നത് ജനവും ഇപ്രകാരം കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ എന്ന് പറയുവാൻ പ്രേരിപ്പിക്കുകയാണ്. മൂന്ന് പ്രാവശ്യം കുറിയേലായിസോൻ എന്ന് പറയുന്നത് അപേക്ഷയുടെ ശക്തിയെ കാണിക്കുവാനാണ്. ഈ സമയത്ത് കൈകൊണ്ട് തങ്ങളുടെ കണ്ണുകളുടെ മധ്യത്തിൽ (നെറ്റിയിൽ) ഇടിക്കുന്ന അജ്ഞാനികളായ അനേക പുരോഹിതന്മാരുണ്ട്. ചിലപ്പോൾ അവരിൽ വന്നുപോയ ചില കാര്യങ്ങളെ ഓർത്തായിരിക്കാം. പക്ഷേ, ഇവിടെ അതിന് യോജിച്ച സ്ഥലമല്ലെന്ന് അവർ അറിയുന്നില്ല. എന്തായാലും പുരോഹിതൻ തന്റെ കൈകൊണ്ട് നെറ്റിയിൽ ഇടിക്കുന്നത് യുക്തമല്ല. കാരണം പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ശബ്ദ കോലാഹലങ്ങളിലല്ല നിശ്ശബ്ദതയിലാണ് നൽകപ്പെടുന്നത്. രണ്ട്, ദൈവവചനം മറിയാമിൽ ഇറങ്ങി അവളിൽനിന്ന് ജഡം ധരിച്ചത് ആരവങ്ങളിലും കോലാഹലങ്ങളിലുമല്ല നിശ്ശബ്ദതയിലും ശാന്തതയിലുമാണ്. അങ്ങനെ ഇവിടേയും

ബലിപീഠത്തിലേക്കിറങ്ങി അപ്പത്തിലും വീഞ്ഞിലും സത്താപരമായി യോജിക്കപ്പെടുന്നു. മൂന്ന്, നമുക്ക് ഭയപ്പെടുവാൻ തക്കവണ്ണം ദാസ്യത്തത്തിന്റെ ആത്മാവിനെ അല്ല നമുക്ക് നൽകിയത്. അതുകൊണ്ട് ഇസ്രായേൽക്കാരുടെ മേൽ (ദൈവത്തിന്റെ) ദാനങ്ങൾ നൽകിയപ്പോൾ ബഹളം ഉണ്ടാക്കിയതുപോലെ നാം കലഹം ഉണ്ടാക്കരുത്. അവർ അടിമത്തത്തിൽ ആയിരുന്നു. നമുക്ക് തന്നത് അടിമത്തത്തിന്റെ ആത്മാവിനെ അല്ല എന്നാലോ പുത്രത്വത്തിന്റെ ആത്മാവിനെ അത്രെ. അതുകൊണ്ടാണ് ശ്ലീഹാ പറഞ്ഞതുപോലെ നാം പിതാവിനെ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുന്നത്. ആയതിനാൽ നാം മക്കളാണ്. അതുകൊണ്ട് ബഹളം ഉണ്ടാക്കുന്നത് ശരിയല്ല. പിന്നെ ചിലർ ചോദിച്ചേക്കാം സീനായ് മലയിൽ ഇറങ്ങിയപ്പോൾ അവിടെ വലിയ ആരവവും ശബ്ദവും ഉണ്ടായിരുന്നല്ലോ എന്ന്. നാം പറയും അപ്പോൾ അവർ അടിമകളായിരുന്നു. അവർ കഠിനരും അനുസരണമില്ലാത്തവരും പരിച്ഛേദനയേൽക്കാത്ത ഹൃദയം ഉള്ളവരും ആയിരുന്നവരിലേക്കാണ് അപ്പോൾ അവൻ ഇറങ്ങിവന്നത്. എന്നാൽ ഇവിടെയാകട്ടെ അപ്പോസ്തോലൻ പറഞ്ഞതുപോലെ സൗമ്യമായി മക്കളുടെ അടുക്കലേക്കും.

അപ്രകാരം ആവസിച്ച് ഈ അപ്പത്തെ ആക്കിത്തീർക്കട്ടെ: അതായത് ഞാൻ പിതാവിനോട് അപേക്ഷിച്ചതുപോലെ അവൻ പരിശുദ്ധാത്മാവിനെ അയക്കട്ടെ.

ജനം ആമ്മീൻ: അതായത്, അങ്ങ് പറഞ്ഞതുപോലെ ഭവിക്കട്ടെ. ആമ്മീൻ രണ്ട് തരത്തിൽ ഉപയോഗിക്കുന്നു എന്ന് മനസ്സിലാക്കണം. അപ്രകാരം ആകട്ടെ എന്നും സത്യം എന്നു പറയുമ്പോഴും. ഇവിടെ അപ്രകാരം ആകട്ടെ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. സത്യം എന്ന് ഉപയോഗിക്കുന്നത് നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ ആമ്മീൻ ഞാൻ നിങ്ങളോട് പറയുന്നു എന്നിപ്രകാരം പറയുമ്പോഴാണ് അതായത് സത്യമായും ഞാൻ നിങ്ങളോട് പറയുന്നു എന്നാണ് അതിന്റെ അർത്ഥം.

പട്ടക്കാരൻ നിവർന്ന് നിന്നുള്ള പ്രാർത്ഥന: ഇതിൽ സംബന്ധിക്കുന്ന എല്ലാവരുടെമേലും എന്നിത്യാദി പ്രാർത്ഥന. ഇതിന്റെ അന്ത്യത്തിൽ എന്നന്നേക്കും (അന്ത്യം) എന്ന് പറയുകയില്ല എന്നാൽ നിന്റെ ഏകജാതനായ പുത്രന്റെ കൃപയും, കരുണയും മനുഷ്യസ്നേഹവും ... ലോകാന്ത്യം വരെ ... അവനോടുകൂടെ സ്തുതിയും ബഹുമാനവും എന്നിത്യാദി... നിനക്ക് യോഗ്യമാകുന്നു എന്ന് പറയണം. കാരണം ലോകാന്ത്യത്തിന് ശേഷം പാഷണ്ഡതയും ദുഷ്ടതയും ഇല്ലല്ലോ.

ഇവിടെ രണ്ടാം അദ്ധ്യായം അവസാനിക്കുന്നു മൂന്നാം അദ്ധ്യായം ആരംഭിക്കുന്നു.

(തുടരും)

Article

Christs Second Coming

Joseph Cherian, Secunderabad

Christ's 2nd coming is compared to the days of Noah which in turn is symbolic of the new creation which confirms God's plan for a final redemption of all mankind.(Luke 21:25-28)

The first time God attempts to make a change was when he brought a flood all over the world. Every life perished except the one family of Noah and the animals he saved in his boat.(Genesis 7:23, 1 Peter 3:20)

In the present day context we are aware that JESUS will come again to rule the world .but before that He must destroy the existing order.(1 Corinthians 15:24)

2000 years ago the temple was destroyed and the church scattered all over the world. However with passage of time the gospel preached and accepted has now been discarded and PPL continue to live life in sin and in opposition to God (2 Timothy 3:5). Therefore God has decreed a renewal and there is a sequence of events which happen signifying the beginning of renewal which culminates with Jesus return or the second coming . This maynot happen in a specific time frame as many protestants and cults predict however they do happen one after the other.



1. Deception:

Satan is the master of deception and he unleashes such ppl who deceive the church from seeking Christ(2 Corinthians 11:3). The church is hijacked by false shepherds aka prophets, pastors and priests who feed themselves and starve the flocks.(Ezekiel 34: 1-10)

2. Rumors of wars

There will be chaos all over the world and literally nations will threaten each other and may even go to war. The church is advised not to worry about such situations.(Mathew 24:6)

3. Actual war and natural calamities

In the 3rd stage countries will make war with each other ..they may use weapons of mass destruction against each other and with climatic changes, famines, diseases and with it are acts of God like earthquakes , pestilence etc.. will happen in many parts of the world.(Luke 2:12)

4. Church under Tribulations

In this stage the church will be targetted for her hope in Christ's return. PPL will accuse the church of the problems the world is facing .The church will be attacked from within by false prophets and many of her own members will fall away from the faith. At the same time there

will be capital punishment implemented by state for those who persist in believing in Christ (Mark 13:9-13).In midst of all this persecution and death there is a reward which Christ confers on those who stay faithful " The crown of life".(James 1:12)

5. Rapture

This stage is denied by many church denominations . However our lord Jesus himself predicts it's occurance . Before the second coming of our lord ..He will take out his church from the world. Who then is this church which does not pass thru the great tribulation? Is it the buildings or the denominations claiming to be legitimate? No. This church stands for believers all over the world irrespective of gender, nationality , age or culture who are faithful to Jesus. These PPL exist in every denomination all over the world. These PPL r under severe stress as they hold onto Jesus and live in the world. However their faith is not appreciated by their spouse or children or church or society. That's why they will be taken away .Christ will rapture them away or as we say take them away suddenly but the others will have to remain and pass thru the great tribulation(2 Thessalonians 2:1-10).About this rapture event it is prophesied that it occurs at an hour no one knows and it is the surprise reward to the church for being faithful . But about those who remain or are left behind it is written they have no faith in Christ's second coming, no faith and no works . They have lived and continue in worldly pleasures not realising that they r being unfaithful and purely worldly church goers and their hypocrisy can fool others but not Christ who will appear and take away his church and then tribulation and judgement awaits the rest of the world. (Mathew 24:48-51)

6. Concept of washed in blood thru great tribulation:(Kingdom of Christ):

Orthodox churches believe in this concept. They don't see the rapture of church before the second coming of Christ . They believe that the church must also pass thru the great tribulation(Revelation 7:14) and at its end this bloodied church with all her flocks, both living and the departed will join with Christ (Public   second coming Christ) and manifested to the world. This is also considered the judgement day. After judgement has been pronounced i.e the wicked condemned to the lake of fire this faithful church with Christ will reign forever.(1 Thessalonians 4:16)

7. Satanic trio:

Like the Trinity god head of Father , Son and Holy Spirit.. we should be aware that a Satanic trio exists . i.e Satan, Anti Christ and False Prophet. (Revelation chapters 12 & 13)

Satan / Lucifer/ Great Serpent / Great Dragon/ Deceiver/ Accuser (Isaiah 14:12-15, Revelation 12:7-9)

After Satan's role in the garden of Eden in which he triumphed over Adam ..once again we notice him tempting Jesus in the wilderness but failing(Luke 4:13). The apostle Paul says Satan was struck with a blow when Christ triumphed over death(Colosians 2:15) and again in the epistle of Peter we notice a reference to Satan roaring like a lion aiming to devour the church (1 Peter 5:8)..and in the book of revelation we see him as the dragon who having failed to kill God's Son goes and makes war with the church. (Revelation 12:17)

Anti Christ / Man of Sin/ Son of Perdition.

The Antichrist however is one who claims to be Christ ...He is the prince of deception. Since churches are proliferating all over the world with fake Gospels and leaders ...the Antichrist presents himself to the world as the Christ. He is also a brutal warrior and is referred to as a beast ... He enforces the ban on all religions and proclaims himself as God on earth and receives worship. (Daniel 9:27, 11:31, 12:11; Revelation 13:1-10)

False prophet


The 3rd and most active memeber of the satanic trio. He spreads a net of lies and deception, false signs and wonders and traps the whole world . He has the capacity to decieve and most of the world falls to his propaganda. He also insists that the world must worship the Antichrist and effectively kills those who do not.(Revelation 13: 11-18)

In the 2nd coming of Christ we notice that Jesus destroys the Antichrist and false prophet by throwing them into the lake of fire and imprisoning Satan into the bottom less pit (Revelation 19:20, 20 :.1-3) The condemnation of Satan however is reserved before the final judgement when the kingdom of God is completely revealed ...then Satan is also thrown into the lake of fire (Revelation 20:10) and God the Father and God the Son seated on one throne rule and God the Holy Spirit flows from that throne as the living waters giving life wherever He goes(Revelation 22:1-3). This is the final redemption and eternity of joy and fullness are decreed for mankind forever.(Revelation 21:1-7).

❑



കേരളത്തിലെ ഏറ്റവും പുരാതവും ശതാബ്ദി നിറവിലുമുള്ള ആലുവ നഗരസഭ (ആലുവ നഗരസഭ സ്ഥാപനം 1921 നവംബർ 15-ന്), ആലുവ യുസി കോളജ്, ആലുവ അദ്വൈതാശ്രമം എന്നിവക്ക് ആലുവ പ്രസ്സ് ക്ലബിന്റെ ആദരവും, പ്രസ്സ് ക്ലബ്ബിന്റെ ക്രിസ്മസ് നവവത്സരാഘോഷവും യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ആലുവ യുസി കോളജ് പ്രിൻസിപ്പൽ ഡോ. എം ഐ പുന്നൂസ്, ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമചൈതന്യ, ആലുവ നഗര സഭ ചെയർമാൻ എം. ഒ. ജോൺ, ആലുവ മീഡിയ ക്ലബ് പ്രസിഡന്റ് ജോസി, സെക്രട്ടറി സുബിൻ, എം പി ജോസഫ് എന്നിവർ സമീപം.



**റമ്പാൻ സ്ഥാനത്തേക്ക്
ഉയർത്തപ്പെട്ട
ശാസ്താംകോട്ട മൗണ്ട്
ഹോറേബ് ആശ്രമം
സുപ്പീരിയർ
ദാനിയേൽ റമ്പാൻ.**

Article

Fr. Dr. Shapurji Dadabhai Bhabha M.D.: A Pious and Purposeful Physician and Priest

Dr.Meledath Kurian Thomas

He was born in a prominent Parsi family following Zoroastrianism in India. Did his higher education in United Kingdom and became a physician. During his studies, he was interested in Christianity and became a Protestant Christian. Later he was attracted towards the Malankara Orthodox Church and became a priest. He lived as a pious member of the Church until his last breath. He is none other than Rev. Fr. Dr. Shapurji Dadabhai Bhabha M.D. *alias* Dr. S. D. Bhabha, the 'Ambassador of the Malankara Church' to London and the first priest of the Malankara Orthodox Church in England.


Dr. Bhabha was born in Surat in 1859. At the age of 14, Bhabha moved to Ireland for higher studies with the assistance of his uncle and Indian nationalist leader Dhadhabai Naoroji who was known as the 'Grand Old Man of India'. He took his post-graduate medical degree from Glasgow University, Scotland. He started his practice in London and within a short time Dr. Bhabha gained the reputation as a well-known physician. He was a prominent member of the British Medical Council from 1881 to 1926.

During his study in the United Kingdom, Dr. Bhabha was attracted towards Christianity. He embraced the Presbyterian Church and became an active Church worker. He was elevated as deacon. His mission area was among the Jews who had migrated to United Kingdom and several of them converted into Christianity. As a result, the Presbyterian Church initiated a separate mission to work among the Jews and established a centre at Jerusalem.

In April 1886, Dr. Bhabha's parents, who were aware about his entry to Christianity, wrote a letter to Dhadhabai Naoroji requesting him to work for Dr. Bhabha's return to the folds of Zoroastrianism. Naoroji did eventually meet with Bhabha and presented him with letters from his family, but he quickly recognized that the convert's Christian fervor was far too great to expect any religious reversion. Regardless, he told Bhabha that he could not help but sympathize with his father's 'agony'.

Even during his active service in the Presbyterian Church, Dr. Bhabha did not cease his research on Christianity. Those higher studies made him aware about the Malankara Orthodox Church. Though he had no connection with anybody belonging to the Malankara Church, he was conscious about its doctrines and had an in-depth knowledge about its history. Dr. Bhabha wrote several articles in British periodicals and published many pamphlets about evangelization in India and especially about the Malankara Church. He argued that "*...the indigenous Church of India is the (Malankara) Syrian Church and that only they have the right to administer the Church in India. Since the Malankara Church is not capable to convert India through its own mission work, the missionaries from other Churches must hand over the converts through their work to the (Malankara) Syrian Church and they should be governed by the Metropolitan of the (Malankara) Syrian Church...*".

Such arguments of Dr. Bhabha caught the attention of Edvazhickal E. M. Philip, the Malankara Association Secretary and the Editor of the periodical '*Malankara Edavaka Pathrika*'. They started mutual correspondence and became close friends. E. M. Philip introduced Dr. Bhabha to the primate of the Malankara Church, Pulikkottil Joseph Mar Dionysius V, Malankara Metropolitan. Dr. Bhabha was attracted to the Malankara Church and expressed his desire to be a member of it and become a priest.



Mar Dionysius V happily agreed to his yearning. For convenience he directed Dr. Bhabha to Jerusalem to get ordained and issued necessary letters in this regard. Accordingly, Dr. Bhabha reached Jerusalem at the end of 1902. Metropolitan Mar Ivanios Elias, then Syriac primate of Jerusalem did the Chrismation of Dr. Bhabha on Saturday, December 20, 1902 and ordained him as deacon (*Shamsono*) on the same day at St. Mark's Monastery, Jerusalem.

On the next day, Sunday, December 21, 1902, Metropolitan Mar Ivanios Elias ordained Dr. Bhabha as Priest. December 21st is celebrated as the Feast of St. Thomas according to the western tradition and as the last Sunday before the Feast of Nativity, known as the '*Sunday of Genealogy*,' according to the Syriac tradition. He left Jerusalem on January 1, 1903 to London with the credentials from Mar Dionysius V as the *Ambassador of the Malankara Church to United Kingdom*. According to E. M. Philip, Dr. Bhabha was a pious and zealous priest. He used the English translation of the Anaphora of St. James to celebrate the Holy Eucharist.

Dr. Bhabha's name is recorded in history in golden letters for his role in the enthronement of St. Vattasseril Mar Dionysius VI in 1909. The Malankara Association held in 1908 elected Very Rev. Fr. Vattasseril Geevarghese Remban as the assistant and successor of the Malankara Metropolitan. He, along with Very Rev. Fr. Kochuparambil Paulose Remban, another bishop elect, was sent to Jerusalem for being consecrated by the Patriarch of Antioch. Even though Patriarch Ignatius Abdullah II consecrated Geevarghese Remban as Metropolitan with the Episcopal name 'Dionysius', he refused to give the '*Sthathikon*' (certificate of the consecration of bishops in Syriac Christianity) as the successor of Mar Dionysius. Such a document was essential for the valid succession of Mar Dionysius VI after Dionysius V according to the Travancore Royal Court judgement of 1889.

The verdict of the Travancore Royal Court judgement of 1889 was pronounced in the Church litigation, popularly known as the '*Seminary Case*', between Mar Dionysius V and Thomas Mar Athanasius, the founder of the Malankara Marthoma Church. The judgement clearly ascertained that the Malankara Metropolitan should be elected by the Church members and consecrated by the Patriarch and that both factors are equally important and unavoidable. Mar Dionysius VI was unanimously elected as the successor of Mar Dionysius V by the Malankara Association held at Old Seminary, Kottayam, on 27 February 1908. He was consecrated as Metropolitan Mar Dionysius on 31 May 1908 by the Patriarch of Antioch at Jerusalem. Yet, the latter declined to give the '*Sthathikon*' in the form the Malankara Church desired because of another clause in the Royal Court judgement of 1889.

The Royal Court judgement of 1889 clearly ascertained that even though the Patriarch of Antioch is the spiritual head, he has no temporal authority over the Malankara Church. This verdict disturbed the Patriarch intensely since they tried to interfere even into the everyday temporalities of the Malankara Church. To overcome this hurdle, the Patriarch repeatedly demanded a registered deed by the Malankara Church accepting his temporal authority. That was declined by Mar Dionysius V and the Malankara Association Managing Committee. During his consecration, Vattasseril Mar Dionysius too was asked by the Patriarch for such a document. That was also duly refused. Hence, the Patriarch refused to issue the '*Sthathikon'* as the successor. He envisaged that during his planned tour to Kerala soon, he would 'bargain' for a registered deed in his favour, in exchange for the '*Sthathikon*,' which was an important document.

In 1909, Mar Dionysius V fell ill, which eventually led to his demise. At that time Patriarch Abdullah II was staying in London as the guest of Dr. Bhabha for three months *enroute* to Kerala. The Malankara Church understood the gravity of the lack of the '*Sthathikon'*. E. M. Philip repeatedly requested the Patriarch for the document, which he kept declining.

It is in such a critical situation that E. M. Philip requested Dr. Bhabha to intervene. Dr. Bhabha persistently put pressure on the Patriarch who was then his guest at London. Finally, Patriarch Abdullah II was forced to issue the '*Sthathikon'* from London. The enthronement of Mar Dionysius VI as Malankara Metropolitan took place smoothly before the arrival of the Patriarch. If the enthronement would not have taken place prior to his arrival, the fate of the independence of the Malankara Church would have been unpredictable, because of the turmoil created by the Patriarch in 1911. The Malankara Church is permanently obliged to Dr. Bhabha for his valuable role during this crucial period.

Dr. Bhabha was loyal to the Malankara Church till his demise in 1941. In 1937, 78 year-old Bhabha visited Catholicos Mar Baselius Geevarghese II several times during the Catholicos' stay at London while he was travelling to Edinburgh. He also hosted the Holy Father at his residence. Dr. Bhabha received Holy Communion from the Catholicos, at the Eucharistic service celebrated by him at the Armenian Apostolic Church in London on September 9, 1937.

It is assumed that Dr. Bhabha fell sick soon after. Very Rev Fr. C. M. Thomas Remban (later Metropolitan Thoma Mar Dionysius) who accompanied Catholicos Mar Baselius Geevarghese II to England and stayed back till 1939 for his higher studies at Oxford, stated that he had visited Dr. Bhabha several times during his illness and sadly also administered the sacrament of 'Anointing the Sick'.

Dr. Bhabha, who was a bachelor, lived the last phase of his life with his brother's grand-son Dhorabji Bhabha at London. He entered into eternal



rest on 3 January 1941. Since there were no priests from the Malankara Orthodox Church in England at that time, he was laid to rest by a Roman Catholic priest at Brockley Cemetery under the local city council. But, Dr. Bhabha assigned the possession of his tomb in writing to the monastery of Holy Transfiguration, Pathanapuram, India, founded by Metropolitan Thoma Mar Dionysius.

In the course of time, sadly Dr. Bhabha vanished from memory. Yet, a serious enquiry about him began after the establishment of the UK-Europe-Africa Diocese of the Malankara Orthodox Church. After a painful search, his tomb was identified in the Brockley Cemetery adjacent to St. Gregorios Indian Orthodox Church, the flagship parish of the Malankara Orthodox Church in England. The monastery of Holy Transfiguration, Pathanapuram handed over the possession of his tomb to the diocese. Then, by the initiative of the Diocesan Metropolitan, the tomb was restored and rededicated in 2021 to mark the 80th anniversary of his demise.

Fr. Dr. S. D. Bhabha was the first Malankara Orthodox priest in England. He entered into eternal rest on 3rd January 1941. Catholicos Mar Baselius Geevarghese II, the first primate of the Malankara Church to set foot in England went to his heavenly abode on 3rd January 1964. Considering this, H. G. Dr. Mathews Mar Timothios, former Metropolitan of UK-Europe-Africa, directed all parishes and congregations in the diocese to commemorate both of them together on 3rd January, every year, or the nearest day, with Eucharistic service. He also gave special instructions to St. Gregorios Indian Orthodox Church, London, to offer incense prayer at the tomb of Dr. Bhabha to mark his memorial annually.

There are similarities between St. Luke the evangelist and Fr. Dr. Shapurji Dadabhai Bhabha M.D. Both were physicians. St. Luke was a gentile Christian hailing from Antioch in Ancient Syria. Whereas Dr. Bhabha was a Parsi Christian of Indian origin and lived in London. Both were missionaries. St. Luke penned a gospel and the Acts of Apostles. Though the literary contributions of Dr. Bhabha are plenty, they are yet to be explored.


(*Dr. Meledath Kurian Thomas is a reputed historian and a prolific author. He has published numerous books about the heritage of Indian Christianity especially of Malankara Orthodox Syrian Church. Currently he is serving as the general editor of 'Paithrukam Malankara Sabha Sahithee Sarani' and as visiting faculty member of St. Thomas Orthodox Theological Seminary, Nagpur.)*

❑

വചനതീർത്ഥം

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ"

ദനഹായുടെ ശേഷം ഒന്നാം ഞായറാഴ്ച (വി. മത്തായി 4:12-22)



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

നമ്മുടെ സഭയിലെ പ്രധാനപ്പെട്ട ഒരു മോറാനായ പെരുന്നാൾ ആണ് ദനഹാ പെരുന്നാൾ. ജനുവരി ആറിന് ഈ പെരുന്നാൾ പൊതുവേ ആഘോഷിക്കുന്നു. നമ്മുടെ കർത്താവിന്റെ മാമോദീസാ അനുസ്മരിച്ചു പെരുന്നാളായി നാം ഇത് ആചരിക്കുന്നു. ദനഹാ എന്ന പദത്തിന്റെ ഗ്രീക്ക് പദം "എപ്പിഫനി" എന്നാണ്. എന്നാൽ ദനഹാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഉദയം എന്നാണ്. നീതിയിൻസൂര്യനായ ക്രിസ്തു ജനമദ്ധ്യത്തിൽ ഉദിച്ച ദിവസം ആണല്ലോ. പൂർവ്വികരായ സുറിയാനി ക്രിസ്ത്യാനികൾ ഈ പെരുന്നാളിനെ രാക്കുളി പെരുന്നാൾ എന്നും വിളിച്ചിരുന്നു, വിശ്വാസികൾ എല്ലാവരും യേശുവിന്റെ സ്നാനം അനുസ്മരിച്ച് അതിരാവിലെ എഴുന്നേറ്റു കുളിക്കുമായിരുന്നു. സ്നാനം ശുദ്ധീകരണമാണല്ലോ. എന്നാൽ കുന്നംകുളം ഉൾപ്പെടുന്ന കേരളത്തിന്റെ ചില വടക്കൻ പ്രദേശങ്ങളിൽ ഈ പെരുന്നാളിന് പിണ്ടി പെരുന്നാൾ എന്നാണ് വിളിക്കുന്നത്. ലോകത്തിന്റെ പ്രകാശമായി മ്ശിഹാ അവതരിച്ചു എന്ന് അനുസ്മരിച്ചുകൊണ്ട് വാഴപ്പിണ്ടിയിൽ വിളക്കുകൾ കുത്തിനിർത്തി അതിൽ തിരിതെളിയിച്ചുകൊണ്ട് ഈ പെരുന്നാൾ ആഘോഷിക്കുന്നു.

യോർദ്ദാൻ നദിയിൽ യേശുതമ്പുരാൻ വി. യോഹന്നാനിൽ നിന്ന് സ്നാനം ഏറ്റതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നു. കർത്താവ് സ്നാനം ഏറ്റ ശേഷം വെള്ളത്തിൽ നിന്ന് കയറുമ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവ് എന്നപോലെ ഇറങ്ങി അവന്റെമേൽ വരികയും ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് അശരീരി കേൾക്കുകയും ചെയ്യുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് ദൈവത്തിന്റെ ഉണ്മ ഇവിടെ പ്രത്യക്ഷമാകുന്നു. സ്ഥലകാല പരിമിതികളോടുകൂടിയ മനുഷ്യബുദ്ധിയിൽ ഒതുങ്ങുന്നതല്ല ദൈവം എന്ന സത്യം ത്രിത്വം വെളിവാക്കുന്നു. ജലത്തിൽ കർത്താവ് സ്നാനം ഏറ്റതിനാൽ ജലത്തിലൂടെ നമുക്ക് വിശുദ്ധി ലഭിക്കുന്നു. ദനഹാ ശുശ്രൂഷയുടെ പ്രദക്ഷിണഗീതത്തിലെ വരികൾ ശ്രദ്ധിക്കുക "നീരുറവ നിടമേകുകയാൽ നീരിലവൻ കതിരൊളി വീശി നീരതിലേക്കവരോഹം ചെയ്തവനതിനരുളി പരിശുദ്ധി." പ്രാരംഭ പ്രാർത്ഥനയിൽ ഈ ആശയം ആവർത്തിക്കുന്നു. തന്റെ വിശുദ്ധിയാൽ വെള്ളത്തെ വിശുദ്ധമാക്കുവാൻ വേണ്ടി തന്റെ പ്രസംഗകനായ യോഹന്നാനിൽ നിന്ന് മാമോദീസാ പ്രാപിച്ച മ്ശിഹാ എന്നും പിന്നീട് സകല ജലാശയങ്ങളെയും നദികളെയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ജലം ശുദ്ധീകരണം നൽകുന്നു. എന്നാൽ അശുദ്ധമായതിന് മറ്റൊന്നിനെ ശുദ്ധീകരിക്കുവാൻ കഴിയുകയില്ല. ജലത്തിലുള്ള സ്നാനം ശാശ്വത ജീവിതത്തിലേക്കുള്ള കവാടം തുറക്കുന്നു.

വെള്ളത്തിൽ നിന്നാണല്ലോ ജീവന്റെ ആരംഭം (ഉൽപ്പത്തി 1:2) ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചു കൊണ്ടിരുന്നു. ജലം ജീവൻ നിലനിർത്തുകയും ചെയ്യുന്നു. "ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിതീരും (വി. യോഹ. 4:4) എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവകളിൽ നിന്ന് കുടിക്കും (യെശയ്യാ. 12:3). എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലനദി ഒഴുകും (വി. യോഹ. 7:35) എന്ന് കർത്താവ് പറയുന്നു. സ്നാനം പാപമാലിന്യത്തെ കഴുകികളയുന്നു. യിസ്രായേൽമക്കൾ ചെങ്കടൽ കടന്നത് സ്നാനത്തിന്റെ മുൻകുറിയായി പരിശുദ്ധ പിതാക്കന്മാർ കാണുന്നു. വി. മാമോദീസായിലൂടെ സാത്താനെ ഉപേക്ഷിച്ച് മ്ശിഹായെ സ്വീകരിച്ച് രക്ഷയിലേക്ക് പ്രവേശിക്കുന്നു. പാപമോചനവും സാത്താന്റെ മേലുള്ള വിജയവും സൂചിപ്പിക്കുന്നു.



ദനഹാ പെരുന്നാളിന്റെ പ്രധാന ശുശ്രൂഷ വെള്ളം വാഴ്വിന്റേതാണ്. മോറാനായ പെരുന്നാളുകളിൽ ഇതു കൂടാതെ പെന്തിക്കോസ്തി പെരുന്നാളിൽ മാത്രമേ വെള്ളം ഉപയോഗിക്കുന്നുള്ളൂ. പെന്തിക്കോസ്തിയിലാകട്ടെ ആ ജലം ജനത്തിൻമേൽ തളിക്കുവാനാണ് ഉപയോഗിക്കുന്നത്. എന്നാൽ ദനഹായിൽ വാഴ്ത്തി ശുദ്ധീകരിക്കുന്ന വെള്ളം പാനം ചെയ്യുവാനുള്ളതാണ്. ആ ശുശ്രൂഷയിൽ സംബന്ധിക്കുന്നവരെല്ലാം അതു പാനം ചെയ്യുന്നു. ദനഹായുടെ പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ ഈ ജലം എന്തിനെല്ലാം പ്രയോജനപ്പെടും എന്നു മനസ്സിലാകും. പാപമോചനത്തിനും, ശുദ്ധീകരണത്തിനും, രോഗസൗഖ്യത്തിനും, പൈശാചിക ഉപദ്രവങ്ങളിൽ നിന്നുള്ള വിടുതലിനും, ഭവനത്തിന്റെ സംരക്ഷണത്തിനും, വിളവുകൾ സംരക്ഷിക്കുന്നതിനും തുടങ്ങി അനേക കാര്യങ്ങൾക്കായിട്ടാണ് ഈ ജലം ശുദ്ധീകകരിക്കുന്നത്. ഇതിലൂടെ ഒക്കെ പ്രകാശത്തിൽ നിന്നുള്ള പ്രകാശമായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നു.

ദനഹാ പെരുന്നാളിനോടു ചേർന്നുള്ള അടുത്ത രണ്ടു ദിവസം ഓരോ പെരുന്നാളായി നാം ആഘോഷിക്കുന്നു. ജനുവരി മാസം ഏഴാം തീയതി യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദ പെരുന്നാളും എട്ടാം തീയതി മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മപെരുന്നാളും. ഈ രണ്ടു യുവാക്കളും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളാകാൻ കഴിഞ്ഞവർ ഒരാൾ ക്രിസ്തുവിന്റെ മുന്നോടിയായും മറ്റൊരാൾ സഭയിലെ ആദ്യത്തെ രക്തസാക്ഷി എന്ന സ്ഥാനത്തിനു യോഗ്യമാംവിധം പ്രവർത്തിച്ചു. ഈ ദിവസങ്ങളിലെ സെദറാ പ്രാർത്ഥനയിൽ യോഹന്നാൻ സ്നാപകനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ് "യൂഹാനോൻ പരേതന്മാരുടെ പക്കൽ ചെന്ന്, ആദ്യജാതനും പാതാളത്തെ സംഹരിച്ച് നശിപ്പിക്കുന്നവനുമായ മറിയാമിന്റെ ഏകജാതൻ ഇതാ എന്റെ പിന്നാലെ വരുന്നു" എന്ന് അവരോടു പറയുകയും പുനരുത്ഥാനവും, ജീവനും, രക്ഷയുടെ സുവിശേഷം അറിയിക്കുകയും ചെയ്തു. യൂഹാനോൻ തന്റെ ജീവിതകാലത്തും മരണശേഷവും പ്രസംഗം മുടങ്ങാതെ നടത്തിക്കൊണ്ടിരുന്നു. തന്നിമിത്തം കർത്താവെ നീ അവനെക്കുറിച്ച് സ്ത്രീകളിൽ ജനിച്ചവരിൽ യൂഹാനോനെക്കാൾ വലിയവൻ എഴുന്നേറ്റിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ വിനയത്തെ പഠിപ്പാനും വ്രതത്തെ ധരിപ്പാനും സഹിഷ്ണതയാൽ അലങ്കരിക്കപ്പെടുവാനും ദിവ്യനടപടികളാൽ ശോഭിപ്പാനും ഞങ്ങൾക്ക് ശക്തി നൽകണമെ.

സ്തേഫാനോസ് സഹദായെക്കുറിച്ച് പറയുന്നത് ശ്രേഷ്ഠവീരനായ മാർ സ്തേഫാനോസ്, സ്വർഗ്ഗരാജ്യം നിമിത്തം കല്ലേറുകൊണ്ടു. സ്തേഫാനോസ് വേദസാക്ഷ്യത്തിന്റെ ഉന്നതകിരീടം പ്രാപിച്ചു. സ്തേഫാനോസ് ആർക്കുവേണ്ടി വീറോടെ പോരാടിയോ ആ മ്ശിഹായുടെ കഷ്ടാനുഭവങ്ങളിൽ പൂർണ്ണത പ്രാപിച്ചു. സ്തേഫാനോസ് തുറക്കപ്പെട്ട ആകാശത്തെയും പിതാവിന്റെ വല ത്തുഭാഗത്തു നിൽക്കുന്ന യേശുതമ്പുരാനെയും കണ്ടു. സത്യസാക്ഷ്യത്തിന്റെ കിരീടത്തിൽ ശ്രേഷ്ഠനായി ശോഭിക്കുകയും ചെയ്തു. സ്തേഫാനോസ് തന്നെ കല്ലെറിഞ്ഞവർക്കുവേണ്ടി പ്രാർത്ഥിച്ചു. സ്തേഫാനോസ് ഈ ഭൂമിയിലുള്ളവ യെയല്ല സ്വർഗ്ഗത്തിലുള്ളവയെത്തന്നെ ചിന്തിച്ചു. ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനുമായിരിക്കുമെന്നുള്ള യഥാർത്ഥ വാഗ്ദത്തപ്രകാരം ഇന്നു സ്വർഗ്ഗീയ രാജാവിനോടൊന്നിച്ച് മോദിക്കുന്നു. സ്തേഫാനോസ് ശെമ്മാശന്മാ രുടെ തലവനും സഹദേന്മാരുടെ പ്രധാനിയും ഒന്നാമനുമാകുന്നു. സ്തേഫാ നോസ് മിശിഹാ തമ്പുരാന്റെ യഥാർത്ഥ ശിഷ്യനായിരുന്നു. തന്റെ പോരാട്ട സമയത്തും വേദതത്വം പ്രസംഗിക്കുകയും, തന്നെ എറിഞ്ഞവർക്ക് അതു കാണിക്കുകയും ചെയ്തു. കർത്താവേ അവന്റെ പ്രാർത്ഥനകൾ മൂലം നിന്റെ കരുണയാൽ ഞങ്ങളോടു കരുണ തോന്നണമേ!

ഈ രണ്ടു രക്തസാക്ഷികളെ പ്രത്യേകമായി ഓർത്തിട്ടാണ് നാം നമ്മുടെ ആരാധന കാലത്ത് മുന്നോട്ടു പോകുന്നത്. ഈ കാലഘട്ടത്തെ പൊതുവായി ദനഹാകാലം എന്ന് ആണല്ലോ നാം വിശേഷിപ്പിക്കുന്നത്. വലിയനോമ്പിന്റെ തലേ ശനിയാഴ്ചവരെ നീണ്ടുനിൽക്കുന്ന ഈ കാലഘട്ടത്തിൽ തന്നെയാണ് മറ്റൊരു മോറാനായ പെരുന്നാൾ ആയ കർത്താവിൻരെ ദേവാലയ പ്രവേശന ത്തിന്റെ പെരുന്നാളും ആഘോഷിക്കുന്നത് (ഫെബ്രുവരി, 2) ഈ കാലഘട്ട ത്തിലെ ഏതാനും ചില ആഴ്ചകളിൽ അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാ ശത്തിലേക്ക് വന്ന ചില വ്യക്തികളെ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നു. ക്രിസ്തുവിനെപ്പറ്റിയുള്ള അറിവ് അവരുടെ ജീവിതത്തിന് പുതിയ രൂപവും ഭാവവും നൽകി. കർത്താവിന്റെ പരസ്യശുശ്രൂഷയെ പ്രത്യേകമായി ഓർക്കുന്ന ഈ കാലഘട്ടത്തിലെ പ്രത്യേക ദൂത് എന്ന് പറയുന്നത് "സ്വർഗ്ഗരാജ്യം സമീ പിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ" (വിയ മത്താ. 4:17) എന്നതാണ്. ഈ ആഴ്ചത്തെ ഏവൻഗേലിയോൻ ഭാഗം വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 4-ാം അദ്ധ്യായം 12 മുതൽ 22 വരെയുള്ള വാക്യങ്ങൾ ആണ്.

ഈ വേദഭാഗത്ത് പ്രധാനമായും രണ്ടു കാര്യങ്ങൾ നമുക്ക് കാണാൻ കഴിയും.

1. യേശുതമ്പുരാന്റെ പരസ്യശുശ്രൂഷയുടെ ആരംഭമായി അവൻ വളർന്ന നസ്രേത്തിൽ നിന്ന് ഗലീലയിലേക്കു പോകുന്നു.

2. തന്റെ പരസ്യശുശ്രൂഷയ്ക്കായി തന്നോടൊപ്പം ആയിരിപ്പാനായി ശിഷ്യ ന്മാരെ വിളിച്ചു ചേർക്കുകയും പരസ്യ ശുശ്രൂഷയുടെ ആരംഭം കുറിക്കുകയും ചെയ്യുന്നു. യേശുതമ്പുരാൻ യോഹന്നാൻ സ്നാപകനിൽ നിന്ന് സ്നാനം ഏറ്റ തിനുശേഷം നാല്പതു ദിവസം മരുഭൂമിയിൽ വച്ച് കർത്താവ് സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. മൂന്നുതരത്തിലുള്ള പരീക്ഷണങ്ങൾ ആണ് ക്രിസ്തു നേരിട്ടത്. 1) ശാരീരികാഭിലാഷം, 2) നേത്രാഭിലാഷം, 3) ലൗകികാഭിലാഷം. അതായത് ലോകത്തിൽ മനുഷ്യനു നേരിടേണ്ടതായ ലോകം, ജഡം, പിശാച് എന്നീ മൂന്നു ശത്രുക്കളെ ഇവ സൂചിപ്പിക്കുന്നു. ഈ പരീക്ഷണങ്ങളെയെല്ലാം അതിജീവിച്ച് കർത്താവ് തന്റെ പരസ്യശുശ്രൂഷയ്ക്ക് ഒരുങ്ങുന്നു.

1. നസ്രേത്തിൽ നിന്നും ഗലീലയിലേക്കുള്ള യാത്ര

യോഹന്നാന്റെ സ്നാനം യേശുവിന്റെ ദൈവപുത്ര പദവി ലോകത്തിനു വെളിപ്പെടുത്തി കൊടുത്തു എങ്കിൽ യോഹന്നാന്റെ ബന്ധനം യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭം കുറിച്ചു, 'യോഹന്നാൻ തടവിൽ ആയി എന്നു കേട്ടാറെ അവൻ ഗലീലെക്കു വാങ്ങിപ്പോയി. നസ്രേത്ത് വിട്ട് കഫർന്നഹൂമിൽ ചെന്ന് പാർത്തു." (വി. മത്തായി 4:12). കഫർന്നഹൂം ഗലീല കടൽത്തീരത്ത് അതിന്റെ വടക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഒരു പ്രധാന പട്ടണം ആയിരു ന്നു. കർത്താവ് താൻ ചെറുപ്പകാലത്ത് വളർന്ന ദേശമായ നസ്രേത്തിനെ വിട്ട് കഫർന്നഹൂമിൽ താമസിക്കുവാൻ പോകുന്നു. ഇവിടെയുള്ള ഈ സെബൂലൂൻ, നഫ്താലി ദേശങ്ങളാണ് ആശൂർ രാജാക്കന്മാരാൽ ആദ്യമായി അടിമയാക്ക പ്പെട്ടത് (2 രാജാ. 15:29). ആ കാലം മുതൽ തന്നെ ഈ ദേശങ്ങൾ ആത്മീ കമായും ലൗകികമായും അന്ധകാരാവസ്ഥയിൽ ആണ്ടുകിടന്നിരുന്നു. എന്നാൽ ഏശായാ ദീർഘദർശി ഈ പ്രദേശത്തുദിക്കുവാൻ പോകുന്ന ഒരു മഹാപ്രകാ ശത്തെക്കുറിച്ച് പ്രവചിച്ച് ആളുകളെ സമാശ്വസിപ്പിക്കുന്നു. "സെബൂലൂൻ ദേശവും നഫ്താലിദേശവും കടൽക്കരയിലും യോർദ്ദാനക്കരെയുള്ള നാടും ജാതികളുടെ ഗലീലയും ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു. മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു. (ഏശായ 9:1-2) ഈ ദീർഘദർശനം നീതിയുടെ മഹാസൂര്യ നായ മിശിഹായുടെ ഉദയത്താൽ നിറവേറിയതായി സുവിശഷകൻ പറയുന്നു.

കർത്താവ് നസ്രേത്ത് വിട്ട് ഗലീലയിലേക്കു പോകുന്നത് അവിടം വിജാതീ യർ കൂടുതലായി അധിവസിച്ചിരുന്ന സ്ഥലമാകയാൽ അവരെയും ദൈവരാജ്യ വെളിച്ചം കാണിപ്പാനും ശ്ലീഹന്മാരെ വിളിപ്പാനും ആയിരുന്നു. തന്റെ ദേശം വിട്ട് കർത്താവ് ഗലീലയിൽ വന്ന് പ്രവർത്തിക്കുന്നു. ഇതു മൂലം കർത്താവിന് അനേകരെ നേടുവാൻ തക്കവണ്ണം സാധിച്ചു. ഇവിടേക്കു വന്നതു മൂലമാണ് ശിഷ്യന്മാരെ ലഭിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ചിലത് ഒക്കെ നാം ഉപേ ക്ഷിക്കുമ്പോഴാണ് നമുക്ക് ക്രിസ്തുവിനു വേണ്ടി എന്തെങ്കിലും നേടാൻ സാധി ക്കുന്നത്. താൻ വളർന്ന ദേശവും അവിടുത്തെ സുഖസൗകര്യങ്ങളും സാഹച ര്യങ്ങൾ ഒക്കെ ഉപേക്ഷിക്കുന്നു. പഴയനിയമത്തിൽ അബ്രഹാം തന്റെ ജന്മ ദേശം ഉപേക്ഷിച്ച് ദൈവത്തിന്റെ വാക്കുകൾ കേട്ട് ഇറങ്ങിതിരിച്ചപ്പോൾ വിശ്വാ സികളുടെ പിതാവ് എന്ന നാമത്തിന് യോഗ്യനായിത്തീർന്നു.

2. പ്രഥമ ശിഷ്യന്മാരെ വിളിക്കുന്നു

സ്വർഗ്ഗരാജ്യത്തിന്റെ മുഖ്യ പണിക്കായി നാലു മുക്കുവരെ വിളിച്ച് തന്റെ ശിഷ്യന്മാരാക്കുന്നു. പ്രസംഗവിഷയം വളരെ ലളിതമാണ്. എന്നാൽ പ്രാവർത്തി കമാക്കുവാൻ വളരെ പ്രയാസവും. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാന സാന്തരപ്പെടുവീൻ" (വി. മത്തായി 4:17). പഴയനിയമകാലത്ത് ആട്ടിടയന്മാരെയും മോശ, ദാവീദ് ഇവരെല്ലാം ആട്ടിയന്മാരായിരുന്നല്ലോ. പുതിയനിയമകാലത്ത് മീൻപിടുത്തക്കാരെയും ദൈവം തിരഞ്ഞെടുക്കുന്നു. ആട്ടിടയന്മാർ ഒരു ജാതി മൃഗത്തെ, ആടിനെ മാത്രം പരിപാലിക്കുന്നവരാണ്. മീൻപിടുത്തക്കാർ ഇന്ന ജാതിയെന്നുള്ള വിവേചനം കൂടാതെ സർവ്വത്തിനെയും തങ്ങളുടെ വലയിൽ പിടിക്കുന്നു. പഴയനിയമകാലത്ത് യഹൂദജാതിയെ മാത്രം തിരഞ്ഞെടുക്കുകയും, എന്നാൽ പുതിയനിയമകാലത്ത് ലോകത്തിലെ സർവ്വ ജാതികളെയും സ്വർഗ്ഗ രാജ്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നതിന്റെ ഒരു സൂചനയായി ഇതിനെ പരിഗണിക്കാം. തങ്ങളുടെ വലകൾ ഉപേക്ഷിച്ചിട്ട് ആണ് അവർ വരുന്നത്. വല അവരുടെ ഉപജീവനമാർഗ്ഗമായിരുന്നു. അതു ഉപേക്ഷിക്കുന്നത് സർവ്വവും ഉപേ ക്ഷിക്കുന്നതിനു തുല്യമാണ്. ഇങ്ങനെ സർവ്വവും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുന്നത് മാതൃകാപരമാണ്. ഇവർ അക്ഷരജ്ഞാനം ഇല്ലാത്ത വർ ആയിരുന്നു. മാത്രമല്ല അക്കാലത്തെ വിദ്യാസമ്പന്നരും ധനവാന്മാരും ഉയർന്ന സ്ഥിതിയിലുമുള്ളവർ ഉപയോഗിച്ചിരുന്ന ഗ്രീക്കുഭാഷ വശമില്ലാത്തവർ ആയി രുന്നു.

ദൈവരാജ്യത്തിന്റെ പ്രകാശത്തിലേക്ക് വന്ന ഈ നാലുപേരും മുക്കുവർ ആയിരുന്നു. അവർ തങ്ങളുടെ ജോലിയിൽ അതിനിപുണന്മാരായിരുന്നു. അധി കസമയവും രാത്രിയിലാണ് ഇവരുടെ അദ്ധ്വാനം. എന്നാൽ സത്യപ്രകാശമായ ക്രിസ്തു അവരെ വെളിച്ചത്തിലേക്ക് വിളിച്ചപ്പോൾ അതുവരെ അവരെ സംര ക്ഷിച്ചു നിർത്തിയിരുന്ന - പരിചിതമായ എല്ലാ സാഹചര്യങ്ങളെയും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ പിന്നാലെ കൂടുന്നതിനുള്ള വെളിവ് അവർ കാട്ടി. പടകും, വല യും, പിതാവിനെയും, സുഹൃത്തുക്കളെയും ഉപേക്ഷിച്ചുള്ള ഒരു യാത്ര. അതിനു അസാമാന്യമായ ധൈര്യം ആവശ്യമാണ്. "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ, സഹോദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോടുകൂടെ നൂറ് മടങ്ങും വരുവാനുള്ള ലോകത്തിൽ നിത്യജീവ നെയും പ്രാപിക്കും എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട് (വി. മർക്കോസ് 9:29).

ദൈവരാജ്യത്തിന്റെ സന്ദേശം സ്വീകരിക്കുന്നതിനുള്ള മാനദണ്ഡം "മാന സാന്തരം" എന്ന ഒറ്റവാക്കിൽ ഒതുക്കുവാൻ സാധിക്കും. മാനസാന്തരം-മനഃപ രിവർത്തനമാണ് ദൈവരാജ്യ പ്രവേശനത്തിനുള്ള മുഖ്യ മാനദണ്ഡം. നാം ആയിരിക്കുന്ന അവസ്ഥ തിരിച്ചറിഞ്ഞ് നാം യഥാർത്ഥത്തിൽ ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള മാറ്റമാണ് മാനസാന്തരം. യോഹന്നാൻ സ്നാപകന്റെ സ്നാനം ഈ അനുഭവത്തിലേക്ക് ആളുകളെ ആകർഷിച്ചു. ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ മുഖാന്തിരം ശിഷ്യന്മാരിലൂടെ അതു പൂർത്തീകരിച്ചു.

❑

പരിസ്ഥിതി സൗഹൃദ സംസ്ക്കാരം മനുഷ്യന്റെ ജീവിക്കാനുള്ള അവകാശം ചോദ്യം ചെയ്യുന്നതാകരുത്



ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത

വളരെ കുറച്ചു നാളുകൾ മാത്രമേ ആയിട്ടുള്ളു ഞാൻ ഹൈറേഞ്ചിലെ എൻറെ ജനത്തോട് ഒപ്പം വാസം ആരംഭിച്ചിട്ട്. ഒരു കുട്ടനാടിന്റെയും അപ്പർ കുട്ടനാടിന്റെയും മധ്യതിരുവിതാം കൂറിന്റെയും ഒക്കെ സംസ്ക്കാരവും ജീവിതശൈലി അടുത്തറിഞ്ഞു ജീവിച്ച എനിക്ക് ഈ പുതിയ സാഹചര്യത്തിൽ ജീവിക്കുന്നത് ഒരു പുതുമയോട് ആണ് നോക്കി കാണുന്നത്. അതുകൊണ്ടു തന്നെ ഇവിടുത്തെ സംസ്ക്കാരവും ജീവിത രീതികളും, സാഹചര്യവും പഠിക്കുവാൻ ഉള്ള ശ്രമം ആരംഭിച്ചു എന്ന് തന്നെ പറയാം. ബഫർ സോൺ വളരെ കാലങ്ങളായി എൻറെ ശ്രദ്ധയിൽ പെട്ടതും, വായിച്ചിട്ടുള്ളതുമായ വിഷയം ആണ് എങ്കിലും സുൽത്താൻ ബത്തേരി ഭദ്രാസന ചുമതല ലഭിച്ചത് മുതലാണ് ഈ വിഷയം കൂടുതൽ അറിയുവാൻ ശ്രമിച്ചത്. വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രേദേശങ്ങളിൽ ഉള്ള പ്രവർത്തനങ്ങൾ വനത്തിന്റെ ആവാസ വ്യവസ്ഥക്ക് ദോഷകരമായി ഭവിക്കും എന്നതിനാൽ അത് ഉണ്ടാക്കാതെയിരിക്കുവാൻ ഉണ്ടാകാതെയിരിക്കുവാൻ വനത്തിനും അതിനു അടുത്ത് വരുന്ന നിശ്ചിത വിസ്തീർണ്ണമുള്ള സ്ഥലങ്ങളും പരിസ്ഥിതി ലോല പ്രേദേശമായി കണക്കാക്കുന്നു. ഇതിനെ ബഫർ സോൺ അഥവാ ഇക്കോ സെൻസിറ്റിവ് സോൺ എന്ന് വിളിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ചു ഒരു പ്രതികരണം ഇതിനോടകം തന്നെ നടത്തിയിരുന്നു.

എന്നാൽ കാട്ടാന നഗര പ്രേദേശങ്ങളിൽ ഇറങ്ങി നാട്ടിൽ ഭീതി പരത്തുകയും, ജനങ്ങളുടെ ജീവനും, സ്വത്തിനും ഭീഷണി മുഴക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രതികരിക്കാതെ നിവർത്തി ഇല്ലാത്തതുകൊണ്ടാണ് ഈ എഴുത്തിന് ഞാൻ മുതിർന്നത്. ഇത് ഒരു ഒറ്റപ്പെട്ട സംഭവം ആയി കാണുവാൻ കഴിയുകയില്ല . പരിസ്ഥിതി സൗഹൃത സംസ്ക്കാരം വളരെ ആവശ്യമാണ് എന്നാൽ അത് സാധാരണക്കാരന്റെ ജീവൻ തുലാസിൽ നിർത്തി ആവരുത്. അന്നത്തെ അന്നത്തിന് പാടുപെടുന്ന മനുഷ്യരുടെ ജീവിത സാഹചര്യത്തെ കണ്ടില്ല എന്ന് നടിച്ചു ജനാധിപത്യ സർക്കാരുകൾക്ക് മുന്നോട്ട് പോകുവാൻ ആവില്ല. നഗരസഭയിലെ പത്ത് വാർഡുകളിൽ ഇപ്പോൾ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുന്നു. കൃഷിയിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു ജനതയുടെ ജീവിക്കാൻ ഉള്ള അവകാശത്തെ ചില നയങ്ങളുടെ പേരിൽ ഇല്ലായ്മ ചെയ്യുമ്പോൾ അത് കണ്ടു നിസംഗതയോട് ഇരിക്കുവാൻ കഴിയില്ല.. വന്യ ജീവികളുടെ സംരക്ഷണം ഉറപ്പു വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കുമ്പോൾ സ്വതന്ത്രമായി കൃഷി ചെയ്യാനോ, ഭയം കൂടതെ കിടന്ന് ഉറങ്ങാനോ , പേടി കൂടാതെ പുറത്ത് ഇറങ്ങുവാനോ കഴിയാതെ ജീവിക്കുന്ന മനുഷ്യരെ പറ്റി മൗനം പാലിക്കുന്നത് പ്രതിഷേധാർഹമാണ്. വന മേഖല സംരക്ഷിക്കുന്നതോടൊപ്പം പാവപ്പെട്ട ജനത്തിന്റെ സ്വത്തിനും ജീവനും സംരക്ഷണം നാൽകാനും സർക്കാരുകൾക്ക് ഉത്തരവാദിത്വം ഉണ്ട്. 2011-ൽ പുറത്തിറക്കിയ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കേണ്ടത് ഈ വിഷയത്തോട് കൂടെ വളരെ അനിവാര്യമായിരിക്കുന്നു. മലയോര മേഖലയെ ആകെ ആശങ്കയിൽ ആക്കുന്ന എല്ലാ നടപടികളും നിർത്തിവെച്ചു ചർച്ചയിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കുവാൻ ഉത്തരവാദിത്വ പെട്ടവർ ശ്രമിക്കണം... ഈ വിഷയത്തിൽ ജനത്തോട് ഒപ്പം അല്ലാതെ ചിന്തിക്കുവാൻ ബലഹീനനായ എനിക്കും ആവില്ല



മുൻ കേന്ദ്ര മന്ത്രിയും പാർലമെന്റ് അംഗവുമായ പ്രകാശ് ജാവടേക്കർ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസിനെ ചെങ്ങന്നൂർ ബഥേൽ അരമനയിൽ സന്ദർശിച്ചു.



മർക്കോസ് എൽ പാറേട്ടിന് ഡോക്ടറേറ്റ് ലഭിച്ചു


കുഴിമറ്റം പള്ളി ഇടവകാംഗമായ കൊച്ചുപാറേട്ട് ലാൽ എം. പാറേട്ടിന്റെയും സൂസന്റെയും ഇളയ പുത്രൻ സർജൻ കമാൻഡർ ഡോ. മർക്കോസ് എൽ. പാറേട്ടിന് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്നും കാർഡിയോ തൊറാസിക് വസ്ക്യൂലർ അനസ്തേഷ്യയിൽ ഡോക്ടറേറ്റ് (DM) ലഭിച്ചു. Pune, Armed forces Medical college നിന്നും MBBS, MD ബിരുദങ്ങൾ കരസ്ഥമാക്കിയ ഇദ്ദേഹത്തിന് 2011-ൽ ആർമിലെ ഏറ്റവും നല്ല ഡോക്ടർ എന്ന അവാർഡ് ലഭിച്ചിട്ടുണ്ട്. ഇപ്പോൾ മുംബൈ INHS Asvini Navel Hospital Specialist ആണ്.



News, Advertisements,Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file

Repentance: The Door of the Restored Garden!

(First Sunday after the Feast of Epiphany)
Matthew 4:12-22



Fr. Geevarghese Thomas

The main events in this Gospel portion includes a fulfilled prophecy, preaching by Jesus, and calling of the disciples by Jesus. Jesus left Nazareth and went to Capernaum, in the territory of Zebulun and Naphtali (the tribes of the northern Kingdom of Israel deported by the Assyrians). These regions had an extraordinary history of anguish following the invasion. It is thus Isaiah prophesies - *"Nevertheless, there will be no more gloom for those who were in distress. In the past he humbled the land of Zebulun and the land of Naphtali, but in the future he will honor Galilee of the nations, by the Way of the Sea, beyond the Jordan - The people walking in darkness have seen a great light; on those living in the land of deep darkness, a light has dawned"* (Isaiah 9:1-2; Matthew 4:15,16). Matthews particularity in highlighting these tribes in Galilee presents an idea of Jesus beginning His Messianic Kingdom, without any distinction to the Gentiles. The metaphor "people in darkness'' implies and intends a community out of the Jewish religious practices and void of the Messianic hope. With Jesus' Galilean ministry, the Light has dawned to the Galilee of nations (Gentiles). The Light is personified in Jesus.

Jesus then began preaching - *"Repent, for the kingdom of heaven has come near"* (4:17). It was a common Jewish norm to refrain from calling God's name, because of their sheer reverence. They used to substitute it with some other words. Matthew being a Jew adheres to this policy and uses the phrase "kingdom of heaven" instead of "Kingdom of God" as used by Mark and Luke. Provided, both are synonymic and intend God's reign as the King and the Messiah. A more interesting annexation to verse 17 is Christ's answer to the Pharisees question about the coming of the Kingdom of God - *"Jesus answered, The kingdom of God is not coming with things that can be observed, nor will they say, 'Look, here it is!' or 'There it is!' For, in fact, the kingdom of God is among (within) you"* (Luke 17:20,21). The first account where Christ says- the Kingdom of Heaven is near, is an exhortation with the prerequisite "repenting mind". Here the thrust is- to welcome the lost and underprivileged people of Israel to be the beneficiaries of the Messianic Kingdom through repentance. The second account where Christ answers - the Kingdom of God is within you, is a real time experience 'in' Christ! The hard heartedness and spiritual ignorance of the Pharisees present a paradox in asking Christ the Son of God - When will be the Kingdom of God coming? Here the thrust is- disclosure of God's reign in the earthly life of people (Christ already present amidst them). How thus, the present age can realise the Kingdom of Heaven in modern and postmodern epistemology?

Reflections

Resonate our being with a Cave experience.

The only imperative which Christ gives in inheriting or experiencing the Kingdom of Heaven, is to repent. The quest for newness in facilitating human life is demanding. The newness in everything precedes a "set apart time". Be it any technology, or any construction, or any natural phenomenon, there is a set apart time towards experiencing or realising something new. This "set apart time" in spirituality is the time of *"aathma-shodhana"* (Sanskrit word, meaning self purification). It works through introspection, preparation, dedication and communion. The fruition of this "set apart time" brings a person into a new enlightening experience. This "set apart time" or state, in our pursuit of God is "repentance". Repentance is the voluntary and conscious practice of turning back from the palace of sybaritism to the cave of emptiness. This emptiness (humility) is the state where the King of Peace takes birth, transforming the cave into a new heaven experience!

The Kingdom of Heaven is a new experience in one's relation with the growing conviction in Christ. The gift of this new experience is promised to the thief crucified on the right side - *"Jesus answered him, Truly I tell you, today you will be with me in paradise"* (Luke 23:43). The Kingdom of Heaven or the Paradise experience is a scope even transcending the mortality of human. This Paradise is the Eden restored when blood and water flowed from the pierced side of Jesus Christ on the Tree of Cross! (John 19:34). This "blood and water" mystery is the indication to the Holy Baptism and the Holy Eucharist. In liturgical understanding, the Eucharistic communion (partaking from the Tree of Life) is the mystery which gives us the grace and potential of becoming the heirs of the Paradise or the restored Eden. In that sense, Repentance is the door of the Paradise restored! In Niceno-Constantinopolitan Creed, the Church recites- "...and we confess one Baptism for the remission of sins..." The Baptism is just once in a lifetime of a faithful. Whereas, the "baptism of tears" or the confession is the ever accessible door to the rich treasuries of the Paradise!

Today, in the entire Christian world, there are churches beautified with all sort of luxuries and art works. Let us not jump into the vain debates of its pros and cons, because, ultimately a Church structure is consecrated to be the dwelling of God! The only pain which "the King born in a cave" would bear is in seeing- the human hands beautifying the Church structures with hearts void of repentance, gratitude, faithfulness and communion which are riches in beautifying the soul. Because, ultimately what beautifies the Church is the *"aathma-shodhana"* of the souls planted inside the Paradise (the Church).

Conclusion

St. Paul reminds us, *"Your body is the temple of the Holy Spirit within you, which you have from God"* (1 Corinthians 6:19). The indwelling of the Holy Spirit is the promise of God the Son and which proceeds from God the Father. God dwelling in our being is the realisation of the Kingdom of Heaven (or God) in our lives. When the evil motives direct our freewill, the grace of the Kingdom of Heaven diminishes within us. To grow in the state of newness (renewed grace), we need a set apart time for self purification. This self purification is a journey from introspection to communion through the "narrow door" of repentance (the cave experience or emptying (humbling) ourselves for transforming ourselves into a living Paradise). May God bless us.

❑

Article

Judah's journey

Rincy

The genealogy of Jesus is one of the focal passages that we read and meditate during the season of Christmas. With Isaac, it is his younger son (Jacob) who is the chosen one and after Jacob, the lineage to Messiah comes through Judah. Reuben, being the first-born and Joseph (or Benjamin), being Jacob's beloved, come across as the more worthy candidates of the Messianic line of ancestry, but one look at the genealogy and we know it is all about His grace more than any worthiness according to worldly standards. The aim of this write-up is to reflect on Judah's journey but will also delve a bit on Jacob's first born- Reuben.

The journey will start with the mothers. For Jacob, toiling seven years for Laban seemed like a few days because of the love he had for Rachel, and he loved her more than Lean (Genesis 29:20, 30). The situation of both Leah and Rachel is unenviable- the sibling bond wounded by the friction of love towards the same man. In Indian context, if Leah was Rukmini, then Rachel would be Radha- the former had the authority of being the first wife whereas the latter was the recipient of all affection.

When Leah gives birth to Reuben, she exclaims in hope- "now my husband will love me" (Gen 29: 32). The desire to seek her husband's love is proclaimed again when Leah has another son, Simeon- "Because the Lord has heard that I am unloved, He has therefore given me this son also" (v.33). This is repeated when the third one, Levi, is born- "Now this time my husband will become attached to me" (v.34).

When the fourth child, also a son, is born, Leah simply says "Now I will praise the Lord" (v.35) and names her child 'Judah' that means praise. In the earlier 3 childbirths, Leah focused on what she longed for and hoped that she would now be compensated with the love she deserved. When her fourth son was born, she did something very powerful. It is easy to praise when we get bountiful blessings but in times of suffering, the only thing that would come from our mouth is "why me?". It takes immense courage, prayer, and grace to choose praise amidst challenges. Indeed, the Lord blessed the child for his mother's remarkable act.

Jacob had twelve sons and a daughter. The children were born from Leah, Rachel and their maidservants Bilhah (Rachel's) and Zilpah (Leah's). Reuben, Simeon, Levi, Judah, Issachar, Zebulun and Dinah were Leah's children. Rachel had Joseph and Benjamin. Bilhah brought forth Dan and Naphthali. Zilpah had Gad and Asher.

Rachel died while giving birth to Benjamin and she was buried on the way to Bethlehem (Genesis 35: 19,20). Jacob (now called Israel) moved on and pitched his tent beyond the tower of Eder. "And it happened, when Israel dwelt in that land, that Reuben went and lay with Bilhah his father's concubine; and Israel heard about it" (v.22).

Why did Reuben commit such a scandalous act? As a child, he had witnessed his mother's sarcastic response to Rachel when the latter asked for some mandrakes which Reuben had collected from the field- "Is it a small matter that you have taken away my husband? Would you take away my son's mandrakes also?" (Genesis 30:15). Incidents like these create an enduring impression in children and perhaps all Reuben wanted was that his mother gets her due. Maybe Reuben feared that after Rachel's demise,



her maidservant Bilhah will become Jacob's favorite and his mother will have to play a secondary role to a maid-servant! The frustration against Jacob was vent out on Bilhah and later we see Joseph becoming the victim of hatred and jealousy. Leah's sadness had so much clouded Reuben's judgement that he could not distinguish between right and wrong.

What Reuben did to Bilhah is a tragic event in Jacob's family history and we read that Jacob came to know about it but we do not know whether he took any action instantly. However, much later while giving the blessings on his death-bed, Jacob remembered Reuben's act- "you (Reuben) shall not excel, because you went up to your father's bed; then you defiled it" (Genesis 49:4).Reuben was stripped of his birthright because of his act and his birthright went to sons of Joseph (1Chronicles 5:1).

Later the Jewish Laws condemned and punished the kind of act committed by Reuben- a man who slept with his father's wife shall be put to death (Leviticus 20:11).

Another passage instructs that a man must bring a ram offering to the priest if the man has physical relationship with another man's concubine. The priest shall atone for him with the ram of the trespass offering before the Lord for his sin which he has committed and then the sin shall be forgiven (Leviticus 19:20-22)

Perhaps at certain point in history, Israelites under Moses made atonement for Reuben's carnal sin with the sin offering and maybe that is why Moses could bless the tribe of Reuben before his death- "Let Reuben live, and not die,"(Deuteronomy 33:6). In one of the hymns of office for the departed souls "Paathakanam Rubelinu Jeevan Moosa" we remember thus- "If by the blood of beasts- the law absolved -Ruben who did sin, much more - shall be absolved - the faithful dead for whom a living sacrifice was made."

(To be contd..)



കൊച്ചി മെത്രാസനത്തിലെ അയ്യമ്പിള്ളി പള്ളിയിൽ പുതിയ കൽക്കുരിശ്, കൊടിമരം, കൽവിളക്ക് എന്നിവ സ്ഥാപിച്ചു. കൂദാശാകർമ്മം ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകയ്ക്കു വേണ്ടി പുതുതായി നിർമ്മാണം നടത്തുന്ന മൾട്ടിപർപ്പസ് ഹാളിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ് സെറിമണിയും ശിലാസ്ഥാപനവും സൗത്ത് വെസ്റ്റ് ഭദ്രാസന ഇടയൻ ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 2023 ജനുവരി 1-നു ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം നിർവഹിച്ചു.



ചെങ്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനവും, പുതുതായി നിർമ്മിച്ച പള്ളി കവാടത്തിന്റെ കൂദാശയും, സൺഡേ സ്കൂൾ വർഷാരംഭ ദിനം പേർ ചാർത്തൽവാര ഉദ്ഘാടനവും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയുടെ പ്രധാന പെരുന്നാളായ മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മപ്പെരുന്നാളിന് ഡോ. യാക്കോബ് മോർ ഐറേനിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു.



The Oriental Orthodox Churches were represented at the funeral Services of Pope Benedict XVI by Archbishop Khajag Barsamian of the Armenian Orthodox Church, Archbishop Nareg Alemezian of the Armenian Orthodox Church of the Great House of Cilicia, Abraham Mar Stephanos of the Malankara Orthodox Syrian Church, India and Bishop Barnabas El Suryany, of the Coptic Orthodox Diocese of Rome. The Oriental Orthodox delegation in Saint Peter's Basilica, Vatican City, Rome.



പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 59-ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് പ. പിതാവിന്റെ മാതൃദേവാലയമായ കുറിച്ചി സെ. പീറ്റേഴ്സ് & സെ. പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന അനുസ്മരണ സമ്മേളനം സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അല്മായ ട്രസ്റ്റി റോണി വർഗീസ്, ഫാ. എം. സി. കുറിയാക്കോസ്, ഫാ. മർക്കോസ് ജോൺ പാറയിൽ, വികാരി ഫാ. കുറിയാക്കോസ് ഏലിയാസ് വടക്കേൽ, ട്രസ്റ്റി കെ. യു. കുറിയാക്കോസ് കുന്നുംപുറം എന്നിവർ സമീപം.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസും യു.എ.ഇ സോണൽ കോൺഫറൻസും സംയുക്തമായി 2022 ഡിസംബർ 31, 2023 ജനുവരി 1 തീയതികളിൽ അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.



ഫാ. ഡോ. എസ്. ഡി. ഭാഭയുടെ ഓർമ ദിനമാചരിച്ചു

ലണ്ടൻ: യുകെയിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്ക് വഹിക്കുകയും ലണ്ടനിൽ സഭയുടെ വികാരി ജനറലും അംബാസഡറുമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ഫാ. ഡോ. ഷാപ്പൂർജി ദാദാഭായ് ഭാഭയുടെ ചരമ വാർഷിക ദിനമാചരിച്ചു. കഴിഞ്ഞ ദിവസം ലണ്ടൻ സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിലെ വി. കുർബാനയ്ക്ക് ശേഷം വികാരി ഫാ. നിതിൻ പ്രസാദ് കോശി കബറിടത്തിൽ ധൂപ പ്രാർഥന അർപ്പിച്ചു. 2022-ൽ അദ്ദേഹത്തിന്റെ എൺപതാം ചരമവാർഷിക ദിനത്തിൽ യുകെ, യൂറോപ്പ് ആൻഡ് ആഫ്രിക്ക മെത്രാപ്പൊലീത്തായായിരുന്ന ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ നേതൃത്വത്തിലാണ് ശവകുടീരം പുതുക്കി പണിതത്.

പുസ്തകം






മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷന്റെ ദേവലോകത്ത് പുതുക്കി നിർമ്മിച്ച ഔട്ട്ലെറ്റ് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിഡൻറ് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ, സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. സജി അമയിൽ, എം.ഒ.സി. പബ്ലിക്കേഷൻസ് സെക്രട്ടറി ഫാ. ജോസഫ് കുര്യാക്കോസ് പാമ്പാടികണ്ടത്തിൽ, ദേവലോകം അരമന മാനേജർ ഫാ. യാക്കോബ്, സഭാ അൽമായ ട്രസ്റ്റി റോണി വർഗ്ഗീസ് എന്നിവർ സമീപം.



ദേവലോകം പെരുന്നാളോടനുബന്ധിച്ചുള്ള തീർത്ഥയാത്ര.



അഹമ്മദി സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ബൈബിൾ ക്വിസിൽ കുവൈറ്റ് സെന്റ് സ്റ്റീഫൻസ് ദേവാലയം ഒന്നാം സ്ഥാനം നേടി.



മാവേലിക്കര പടിയോലയ്ക്കു നിറക്കൂട്ടിൽ പുനർജനി ഒരുങ്ങുന്നു

കോട്ടയം: മലങ്കര സഭയുടെ ഉണർവിന്റെ ചരിത്രമുഹൂർത്തമായ മാവേലിക്കര പടിയോലയ്ക്കു നിറക്കൂട്ടിൽ പുനർജനി ഒരുങ്ങുന്നു. സഭയ്ക്കു മേൽ അധിനിവേശം ലക്ഷ്യമിട്ടു ബ്രിട്ടിഷ് മിഷനറിമാർ നൽകിയ നിർദേശങ്ങളെ അവഗണിച്ച് 1836 ജനുവരി 16–നു മാവേലിക്കര പള്ളിയിൽ തയാറാക്കിയ ഉടമ്പടിയാണ് മാവേലിക്കര പടിയോല.

പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ 1080ാം വാർഷികത്തിന്റെ ഭാഗമായാണു ചരിത്രപ്രധാനമായ മാവേലിക്കര പടിയോല എന്ന ആശയത്തിനു വർണക്കൂട്ട് ഒരുക്കാൻ തീരുമാനിച്ചത്. ചരിത്ര ചിത്രകാരനായ ജിജുലാൽ കാൻവാസിലേക്കു പകർന്ന ചരിത്ര ചിത്രം നാളെ രാവിലെ 11–നു കത്തീഡ്രൽ ഹാളിൽ അനാഛാദനം ചെയ്യും.

ചരിത്രകാരനും ഗവേഷകനുമായ ഡോ. എം. കുര്യൻ തോമസാണ് ചരിത്ര രേഖകൾ പരിശോധിച്ചു ചിത്രത്തിന് ആവശ്യമായ ആശയവും പശ്ചാത്തലവും ഒരുക്കിയത്. ചിത്രകാരനായ ഫാ. ഡോ. കെ. എം. ജോർജ് ചിത്രമെഴുത്തിനു മാർഗനിർദേശം നൽകി. പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ മാനേജിങ് കമ്മിറ്റിയുടെ താൽപര്യപ്രകാരം, 8 അടി നീളവും 4 അടി ഉയരവുമുള്ള കാൻവാസിലാണ് ജിജുലാലും കൂട്ടരും ചിത്രമെഴുതിയത്. മാവേലിക്കര സുന്നഹദോസിന്റെ പ്രാദേശിക, സാമൂഹിക പശ്ചാത്തലങ്ങൾ ഉൾപ്പെടുത്തിയാണു ചിത്രീകരണം.

മാവേലിക്കര പടിയോല രൂപപ്പെട്ട സുന്നഹദോസിന്റെ കാലസൂചകങ്ങളായി തെക്കുകിഴക്കേ കോണിൽ നിന്നും വീഴുന്ന സൂര്യപ്രകാശവും കായ്ഫലമുള്ള പ്ലാവും ചിത്രത്തിലുണ്ട്. മലങ്കര മെത്രാപ്പൊലീത്ത ചേപ്പാട്ട് പീലിപ്പോസ് മാർ ദിവന്നാസിയോസ് നാലാമൻ, കൂത്തൂർ ഗീവർഗീസ് മാർ കൂറിലോസ് മലങ്കര മെത്രാപ്പൊലീത്ത, യോഗ തീരുമാനങ്ങൾ കടലാസിലും എഴുത്തോലയിലും രേഖപ്പെടുത്താൻ 2 രായസം എഴുത്തുകാർ, ബിഷപ് ഡാനിയേൽ വിൽസൻ നൽകിയ നിർദേശങ്ങൾ വായിച്ചു വിശദീകരിക്കുന്ന കോനാട്ട് അബ്രഹാം മൽപാൻ ഒന്നാമൻ എന്നിവർ ചിത്രത്തിലുണ്ട്.

വിവരങ്ങൾ അറിയാൻ എത്തിയവരും മാവേലിക്കര പള്ളി പ്രമാണിമാരും കത്തനാരുമാരും ഉൾപ്പെടുന്ന ചിത്രത്തിൽ വെറ്റിലച്ചെല്ലം, ഓലക്കുട, വടി എന്നിവയും ഉണ്ട്. കമുക്, മുള, മെടഞ്ഞ തെങ്ങോല എന്നിവ ഉപയോഗിച്ചാണ് അരങ്ങും ഭാഗികമായി മാത്രം ദൃശ്യമാകുന്ന പന്തലും നിർമിച്ചിരിക്കുന്നത്. കുരുത്തോല, മാവില, കമുകിൻ പൂക്കുല ഇവ ഉപയോഗിച്ചുള്ള അലങ്കാരത്തിനൊപ്പം കുലച്ച വാഴ ഒരുക്കിയ കവാടവും ഉണ്ട്.

നാളെ 11–നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ, ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള എന്നിവർ ചേർന്ന് അനാഛാദനം ചെയ്യുമെന്നു കത്തീഡ്രൽ വികാരി ഫാ. എബി ഫിലിപ്, സഹവികാരി ഫാ. ജോയിസ് വി. ജോയി, ട്രസ്റ്റി പി. ഫിലിപ്പോസ്, സെക്രട്ടറി അനി വർഗീസ്, സഭാ മാനേജിങ് കമ്മിറ്റി അംഗം സൈമൺ കെ. വർഗീസ് കൊമ്പശേരിൽ, പെരുന്നാൾ കൺവീനർ വിനു ഡാനിയേൽ എന്നിവർ അറിയിച്ചു. ചിത്രകാരനായ ജിജു ലാൽ, ഫാ. ഡോ. കെ. എം. ജോർജ്, ഡോ. എം. കുര്യൻ തോമസ് എന്നിവരെ ചടങ്ങിൽ ആദരിക്കും.

❑

